Registered No. M-4485


Madras War Review, Malayalam—13-10-1944

UNIVERSITY LIBRARY
10 FEB 1946
MADRAS

# യുദ്ധസഞ്ചിക

വോള്യം IV] മഷിരാശി: 1944 ഒക്ടോബർ 13-ാംനു് വെള്ളിയാഴ്ച [ലക്കം 6

## ജപ്പാനെ തികച്ചും പരാജയപ്പെടുത്തുന്നതിന്നു



**ബ്രിട്ടീഷ്** കപ്പൽപ്പടയിലെ ഒരു വലിയ വിഭാഗത്തെ കഴിയുന്നത്ര വേഗത്തിൽ ശാന്തസമുദ്രത്തിലേയ്ക്കു് (പാസഫിക്) നീക്കുന്നതിന്നുള്ള സംരംഭങ്ങൾ ധ്രുതഗതിയിൽ നടക്കുന്നുണ്ടു്. ഇന്ത്യൻ സമുദ്രത്തിൽ, ഇപ്പോൾത്തന്നെ, ശക്തിമത്തായ ഒരു കപ്പൽസേന പ്രവൎത്തനം നടത്തുന്നുണ്ടുതാനും.

**റോയൽ** നേവിയുടെ ചരിത്രത്തിൽ ഇതേവരേയും ഉണ്ടാവാത്തതായ ഒരു ഭീമമായ സംഭവമാണിതു്.

**ഈ** കൃത്യങ്ങൾ ത്വരിതമായും വമ്പിച്ച തോതിലും ചെയ്യപ്പെട്ടുവരുന്നു. നമ്മൾ വിജയമാൎഗ്ഗത്തിലായിക്കഴിഞ്ഞെങ്കിലും, ജൎമ്മനിയുടെ നിരുപാധികമായ കീഴടങ്ങലും, മാത്രമല്ല, ജപ്പാനെ തികച്ചും കീഴടക്കലും, കഴിയുന്നതുവരെ നമുക്കു് ഒതുങ്ങിയിരിക്കാൻ വയ്യതന്നെ.

—മി. എ. വി. അലക്സാണ്ടർ (ഫസ്റ്റ്ലോഡ് ഓഫ് അഡ്മിറാലിററി) 7-10-44 ൽ ലണ്ടനിൽവെച്ചു ചെയ്യ ഒരു പ്രസംഗത്തിൽനിന്നു

# അവസാന ലക്ഷ്യപ്രാപ്തിവരെ അടങ്ങുകയില്ല

"ഞാൻ വീണ്ടും ആവർത്തിക്കുകയാണെന്നു തോന്നുമായിരിക്കാം; പക്ഷെ ഇതെന്റെ വ്യക്തമായ കർത്തവ്യമാണ്, നമ്മുടെ പരിഷ്കാരത്തെ പുലർത്തുന്നതിനുള്ള ഈ യുദ്ധം ഇപ്പോഴും വിജയിച്ചു കഴിഞ്ഞിട്ടില്ല എന്നു ഉറപ്പിച്ചു പറയേണ്ടതു്.

നമ്മുടേയും, നമ്മുടെ സഖ്യശക്തികളുടേയും പട്ടാളക്കാർ ശത്രുവിനെ നിഷ്കരുണമായും സുദൃഢമായും ആക്രമിച്ചുവരുന്നു. കഴിഞ്ഞ നാലു കൊല്ലമാസങ്ങളോളമായി ജെനറൽ ഐസൻഹോവറുടെ നേതൃത്വത്തിൽ, സഖ്യസേനകൾ പട്ടാളത്തിന്റെ ചരിത്രത്തിൽ ഏററവും സുശോഭനമായ സമരങ്ങളിൽ ഒന്നാണ് നടത്തിയിട്ടുള്ളതു്. പാസഫിക് പ്രദേശത്തിൽ, പേൾഹാർബറിന്നു 5,000 നാഴിക പടിഞ്ഞാറുവരെ നമ്മുടെ നാവികസേന ജപ്പാനെ ആക്രമിക്കുന്നതിന്നായി മുന്നോട്ടു കയറിച്ചെന്നിരിക്കുന്നു. പക്ഷെ ജർമ്മൻകാരുടേയും ജപ്പാൻകാരുടേയും ചെറുത്തുനില്പൽ, പണ്ടത്തെപ്പോലെത്തന്നെ നിശ്ചിതവും, ഉന്മാദത്തോടുകൂടിയതുമാണ്.

നമുക്കു റൈൻ നദിക്കു അക്കരെയുള്ള ശത്രുവിനോടു എതിരിടേണ്ടതുണ്ടു്. ബർല്ലിനിലേയ്ക്കുള്ള മാർഗ്ഗത്തിൽ ഓരോ ഇഞ്ചും നമുക്കു പൊരുതേണ്ടിവരും. എന്നാൽ, നമ്മൾ അമേരിക്കക്കാരും, റഷ്യക്കാരും, ബ്രിട്ടീഷുകാരും, ഫ്രെഞ്ചുകാരും, പോളണ്ടുകാരുമടങ്ങിയ നമ്മുടെ സഖ്യശക്തികളും, അതായതു, ഐക്യരാഷ്ട്രങ്ങളുടെ അണിനിരന്ന എല്ലാ സേനകളും അന്ത്യലക്ഷ്യം അടയുന്നതുവരെ നിറുത്തുകയില്ല.

നമ്മുടെ പരിഷ്കാരം മരണാസന്നമായ ആപത്തിൽപ്പെട്ടതായി നാം കണ്ടു. നമ്മുടെ സഖ്യശക്തികളുടെ സ്ഥിരത, നമുക്കു നൽകാൻ സാധിച്ച സഹായം, അമേരിക്കയിൽ മനുഷ്യശക്തിയുടെ അപൂർവ്വമായ പ്രവാഹം, അമേരിക്കൻ ഉല്പാദനം, അമേരിക്കൻ ചാതുര്യം, സവിശേഷമായ ധീരത, ഇവമൂലം നാം വിജയപൂർവ്വം ആ വെല്ലുവിളി സ്വീകരിച്ചു. ആവശ്യം വന്നാൽ ബലം പ്രയോഗിച്ചും, സമാധാനം പാലിക്കുന്നതിന്നു, പ്രാപ്തവും സന്നദ്ധവും സുശക്തവുമായ ഒരു ലോകസംഘടനയുണ്ടാക്കുന്നതിൽ നാം ഇന്നും നമ്മുടെ സഖ്യശക്തികളുമായി ഐക്യപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവക്കാലവും നമ്മുടെ പ്രാപ്തിയും ലോകസമാധാനത്തിന്നുള്ള സുദൃഢവും നിലനില്ക്കുന്നതുമായ ഒരു സംഘടന നിർമ്മിക്കുന്നതിന്നു വിനിയോഗിക്കുന്നതിന്നായി നമ്മുടെ സ്വാതന്ത്ര്യത്തിന്റെ പാരമ്പര്യവും ദൈവവും നമ്മെ ശാസിക്കുന്നു."

—പ്രസിഡെണ്ട് റൂസ്‌വെൽട്ട്, 1944 ഒക്ടോബർ 6-ാം തിയ്യതി വാഷിങ്ടണിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽനിന്നു്.

## മദ്രാസിന്റെ ഔദാര്യം

### ഗവർണ്ണർക്കു് ലണ്ടനിലെ ലോഡ് മേയർ അയച്ച അഭിനന്ദനം

1944 ജൂലായി 22-ാം തിയ്യതി ലണ്ടനിലെ ലോഡ് മേയർ അയച്ച താഴെ കാണുന്ന കത്തു മദിരാശി ഗവർണ്ണരവർകൾക്കു ലഭിച്ചിരിക്കുന്നു :—

"അങ്ങയുടെ ഫണ്ടിൽനിന്നു ഞാൻ ഏർപ്പെടുത്തിയിട്ടുള്ള ആകാശാക്രമണദുരിതനിവാരണഫണ്ടിലേയ്ക്കു, അങ്ങു വീണ്ടും 200 പവനും 100 പവനും സംഭാവനചെയ്ത വിവരം അറിഞ്ഞു വളരെ സന്തോഷിക്കുന്നു. ഞാൻ ഔദ്യോഗികമായ രശീതികൾ ഇതാ അയക്കുന്നു.

ഉദാരതയോടെ നൽകിയ ഈ സംഭാവനമൂലം എനിക്കു അപാരമായ കൃതജ്ഞതയുണ്ടു്. അങ്ങ് ദാതാക്കളോടു എന്റെ ഹൃദയംഗമവും സ്നേഹപൂർണ്ണവുമായ നന്ദിയെ അറിയിക്കുന്നതു് എനിക്കു വളരെ സന്തോഷാവഹമാണ്. പറക്കുന്ന ബോമ്പുകളാൽ വന്ന കഷ്ടനഷ്ടങ്ങളുടെ ഫലമായി, വളരെ തിടുക്കമുള്ള ഒരവസരത്തിലാണ് ഈ സംഭാവന ലഭിക്കുന്നതു്.

ഇതേവരേയായി എന്റെ ആകാശാക്രമണദുരിതനിവാരണഫണ്ടിലേയ്ക്കു, അങ്ങയുടെ ഫണ്ടിൽനിന്നു 22,000 പവൻ 19 ഷില്ലിങ്ങ് 8 പെൻസ് നൽകിയിട്ടുണ്ടു്. ഞാൻ ഈ ഔദാര്യത്തെ ഉള്ളിൽത്തട്ടി അഭിനന്ദിക്കുന്നു."

## 30 ലക്ഷം ലഭിച്ചുകഴിഞ്ഞു

### "റെഡ് ക്രോസ്സ് സേയിൻറ് ജോൺ" നിധിയിലേക്കു

ഇന്ത്യൻ റെഡ് ക്രോസ് സൊസൈററി & സേയിൻറ് ജോൺ ആമ്പുലൻസ് അസോസിയേഷന്റെ ഓണററി പബ്ലിസിററി ഓഫീസർ മിസിസ് സി. എൽ. ടൈൗൺ പത്രങ്ങൾക്കു നൽകിയ ഒരു പ്രസ്താവനയിൽ പറയുന്നു :—

"നമുക്കു നമ്മുടെ ഉന്നമായ 30 ലക്ഷം ഉറുപ്പിക ലഭിച്ചുവെന്ന വിവരം ഞങ്ങൾ വളരെയധികം സന്തോഷത്തോടെയാണ് പ്രസ്താവിക്കുന്നതു്. ഈ തുകയുണ്ടാക്കുന്നതിന്നുവേണ്ടി ഭീമമായി പരിശ്രമിച്ച, നഗരത്തിലും പുറമെയുമുള്ള എല്ലാ പ്രവർത്തകന്മാർക്കും ഞങ്ങൾ ആശംസയും അഭിനന്ദനവും നൽകുവാൻ ആഗ്രഹിക്കുന്നു.

ഓരോരുത്തരുടെ പേരും പ്രത്യേകമായി എടുത്തു ഉദ്ധരിക്കുന്നതു് വിഷമമാണ്. പക്ഷെ, എല്ലാ റെഡ് ക്രോസ് സംഘങ്ങളും, സെയിൻറ് ജോൺ ആമ്പുലൻസും, ബ്രിഗേഡ് സെൻടേർസും, കലക്ടർമാരും, മദിരാശിയിലെ വിക്ടറി ഹൌസും, ദേശീയ സമരനിരയുടെ ജില്ലാ ഓർഗനൈസർമാരും, യൂറോപ്യന്മാരുടേയും, ഇന്ത്യക്കാരുടേയുമായ പത്രങ്ങളും, നൽകിയ അവരുടെ തുടരെത്തുടരെയുള്ള സഹായത്തിന്നും ലേഖനങ്ങൾക്കും ഞങ്ങൾ നന്ദിപറയുന്നു—കൂടാതെ പാട്ടുകച്ചേരി തുടങ്ങിയ പരിപാടികൾ ഏർപ്പെടുത്തി പണം പിരിക്കുന്നതിന്നു വളരെയധികം സഹായിച്ച വ്യക്തികളോടും സംഘടനകളോടും ഞങ്ങൾക്കുള്ള ആത്മാർത്ഥമായ കൃതജ്ഞതയും രേഖപ്പെടുത്തുന്നു.

അപ്പോൾ, നാം നമ്മെത്തന്നെ ആശംസിച്ചതിന്നുശേഷം, ഞങ്ങൾ നിങ്ങളുടെ ദൃഷ്ടിയിൽ ചില സംഗതികൾ കൊണ്ടുവരുന്നതിന്നു ആശിക്കുന്നു. മററുള്ള സംസ്ഥാനങ്ങളിൽ അവർ നിശ്ചിതസംഖ്യ പിരിച്ചു മുഴമിക്കുകമാത്രമല്ല, വീണ്ടും പിരിക്കുവാൻ വേണ്ട പരിശ്രമങ്ങൾക്കൂടി തുടങ്ങി. അതുംകൊണ്ടു നിങ്ങൾ എല്ലാംകഴിഞ്ഞെന്നു മനോഭാവത്തോടെ അടങ്ങിയിരിക്കരുതു്. 'മദിരാശി നേതൃത്വം നൽകുന്നു' എന്ന അഭിപ്രായത്തെ ന്യായീകരിക്കുന്നതിന്നും നിലനിർത്തുന്നതിന്നും ആവുന്നതെല്ലാം ചെയ്യുക."

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ഒക്ടോബർ 13-ാംനു, വെള്ളിയാഴ്ച


## ഗ്രീസിന്റെ വിമോചനം

1940 ഒക്ടോബർ 28-ാം തിയ്യതി പ്രഭാതത്തിൽ, മുസ്സോളിനി ഗ്രീസ് ആക്രമിച്ചു. അവരുടെ സ്വാതന്ത്ര്യത്തോടുള്ള ഈ വെല്ലുവിളിക്കു മറുപടി നൽകുന്നതിന്നു ഗ്രീക്കുകാർ ഒട്ടും വൈകിച്ചില്ല. വാസ്തവത്തിൽ, അവർ ഈ ആക്രമണം പ്രതീക്ഷിച്ചിരുന്നു. ഇതു മുസ്സോളിനി ചെയ്ത മറെറാരപദ്ധമായിരുന്നു; കാരണം ഗ്രീക്കുകാർ ഇററലിക്കാൎക്കു ഭയങ്കരമായ പ്രഹരങ്ങൾ കൊടുത്തു; അവരെ മലഞ്ചുരങ്ങളിലൂടെ ആൽബേനിയയിലേക്കു ആട്ടിയോടിച്ചു. അത്യുഗ്രമായ മഞ്ഞുകാലത്തിൽ, ആ പാറപ്രദേശമായ രാജ്യത്തെ, മഞ്ഞും ചളിയും നിറഞ്ഞ മലഞ്ചെരുവുകളിലും താഴ്വാരങ്ങളിലും കിടന്നലഞ്ഞ് ഇററലിക്കാർ കഷ്ടപ്പെട്ടു.

## ബ്രിട്ടൻ വാഗ്ദത്തം നിറവേററി

ഗ്രീക്കുകാർ ദൃഢമായി നിന്നു ചെറുത്തു; ഇററലിക്കാരുടെ സഹായത്തിന്നായി ജൎമ്മൻകാർ വന്നപ്പോൾ മാത്രം, അവർ ബ്രിട്ടന്റെ സഹായം അൎത്ഥിച്ചു. 1941 ഏപ്രിൽ 27-ാം തിയ്യതി ചെയ്ത അദ്ദേഹത്തിന്റെ പ്രക്ഷേപിണിപ്രസംഗത്തിൽ ചൎച്ചിൽ ഇങ്ങിനെയാണ് ആ സംഭവഗതികൾ വിവരിച്ചത്: "ഇതിനിടക്കു, ഇഴഞ്ഞും നുഴഞ്ഞും മുന്നോട്ടു പോകുകയും, ഹങ്കറി, ബൽഗേറിയ, റുമേനിയ ഇങ്ങനെ ഓരോ രാജ്യങ്ങളെ വിഷമയമാക്കിയും വിലങ്ങുവെച്ചും വന്ന ഹിററ്ലർ, തന്റെ കൂട്ടുകാരനായ കുററവാളിയുടെ രക്ഷക്കായി പാഞ്ഞെത്തുവാൻ തീൎച്ചയാക്കി. ബാൾക്കൻ രാജ്യങ്ങൾക്കിടയിൽ ഐക്യമില്ലാതിരുന്നതിനാൽ, അവരുടെ മദ്ധ്യത്തിൽത്തന്നെ പ്രബലമായ ഒരു സേനയെ രൂപീകരിക്കുന്നതിന്നു ഹിററ്ലൎക്കു സാധിച്ചു. ഗ്രീക്കു സേനകളെല്ലാംതന്നെ ഇററലിക്കാരെ പ്രഹരിക്കുന്നതിൽ തികച്ചും ജാഗരൂകരായിരുന്ന സമയത്തു, അപ്രതിഹതമായ ജൎമ്മൻ പട്ടാളയന്ത്രം, ഗ്രീസിന്റെ മറെറ അതൃത്തിയിൽ തലപൊക്കി. ഈ ഭയങ്കരമായ വിപത്തിൽ, ഗ്രീക്കുകാർ നമ്മോട് സഹായം അഭ്യൎത്ഥിച്ചു. നമുക്കു തന്നെ സജ്ജീകരണങ്ങളും സാമഗ്രികളും കഷ്ടിയായിരുന്നുവെങ്കിൽക്കൂടെ, അവരോട് വയ്യെന്നു പറവാൻ നിവൃത്തിയില്ലാതായി. യുദ്ധത്തിന്റെ മുമ്പെ ചെയ്തിരുന്ന കറാറുപ്രകാരം ഗ്രേയ്റ്റ് ബ്രിട്ടൻ ആ രാജ്യത്തിന്നു വാഗ്ദത്തം നൽകിയിട്ടുണ്ടായിരുന്നു. ഗ്രീക്കുകാർ പ്രഖ്യാപിച്ചു, തങ്ങളുടെ അയൽരാജ്യങ്ങൾ അവരോടൊപ്പംതന്നെ നിന്നു ശത്രുവിനെ എതൃക്കാൻ വരാഞ്ഞാലും, അവർ സ്വന്തം രാജ്യത്തിനു വേണ്ടി പോരാടുമെന്ന്; നാം അവരെ തനിച്ച് അവരുടെ വിധിക്കു വിട്ടുകൊടുത്താലുംകൂടി അവർ പോരാടുമെന്നു. പക്ഷെ നമുക്കു അങ്ങിനെ ചെയ്വാൻ സാദ്ധ്യമായില്ല; അതായതു, വാഗ്ദത്തത്തെ നിറവേററാതിരിപ്പാൻ. അങ്ങിനെയുള്ള കാൎയ്യത്തെ എതൃക്കുന്ന നിയമങ്ങളുണ്ട്; ആ നിയമങ്ങളെ വകവെക്കാതിരിക്കുന്നത് ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ അന്തസ്സിന്നു ഹാനികരമാണ്. ഈ അന്തസ്സിന്റെ അഭാവത്തിൽ നമുക്കു യുദ്ധത്തിൽ ജയിക്കാൻ അൎഹതയുണ്ടെന്നു ആശിക്കാൻ നിവൃത്തിയില്ല."

പ്രധാനമന്ത്രി സധീരം ഈ പ്രസംഗം ചെയ്തപ്പോഴും അദ്ദേഹത്തിന്നു അറിയാമായിരുന്നു സംഭവിക്കാൻ പോകുന്നതെന്തെല്ലാമാണെന്ന്. ബ്രിട്ടീഷുകാൎക്കു ഗ്രീസിൽനിന്നു വമ്പിച്ച നഷ്ടങ്ങളും സഹിച്ചു ക്രീററിലേക്കും അവിടെനിന്നു ഈജിപ്തിലേക്കും മടങ്ങേണ്ടിവരും എന്ന്. എന്നിട്ടും, അദ്ദേഹം തീരുമാനം ചെയ്യുന്നതിന്നു മടിച്ചില്ല; ആ തീരുമാനത്തെ പാൎല്ലിമെണ്ടിൽ പ്രഖ്യാപിച്ചു. ആരും നിൎദ്ദേശിച്ചതുമില്ല ബ്രിട്ടന്റെ വാഗ്ദത്തം ലംഘിക്കണമെന്നും, നീട്ടിവെക്കണമെന്നും.

## ജൎമ്മനിയുടെ കാൽച്ചോട്ടിൽ

1941 മാൎച്ച് 4-ാം തിയ്യതിയാണ് ഗ്രീസ് ബ്രിട്ടനോടു സഹായം ആവശ്യപ്പെട്ടത്. ഇതു കഴിഞ്ഞ് ഒരാഴ്ചക്കുശേഷം ബ്രിട്ടീഷ് സേനകൾ ഗ്രീസിൽ എത്തുവാൻ തുടങ്ങി. ഏപ്രിൽ 10-ാം തിയ്യതിയായപ്പോഴേക്കും ജൎമ്മൻ സലോണിക്ക പിടിച്ചു; അത്തൻസിലെ അക്രോപോളി കുന്നിന്മേലുള്ള പാന്തിയൻ ദേവാലയത്തിന്മുകളിൽ സ്വസ്തിക പാറിപ്പറക്കുന്നുണ്ടെന്നു ഏപ്രിൽ 27-ാം തിയ്യതി വീമ്പു പറഞ്ഞു തുടങ്ങി. ജൎമ്മൻകാർ, ഇററലിക്കാർ, ബൾഗേറിയക്കാർ ഇവരെല്ലാം ഈ കൊച്ചുരാജ്യത്തിന്മേൽ പറഞ്ഞുകയറി. ഗ്രീക്കുകാർ ഒട്ടും വിട്ടുകൊടുത്തില്ല; ഫ്രാൻസിനെപ്പോലെത്തന്നെ കീഴടങ്ങിയതുമില്ല. ശത്രുവിന്ന് ഇതറിയാമായിരുന്നു; അതുകൊണ്ടു അവർ ആ രാജ്യത്തെ കഠിനമായി ദ്രോഹിച്ചുകൊണ്ടേ ഇരുന്നു.

ഗ്രീസിലുള്ള ഭക്ഷണസാമഗ്രികൾ ആകമാനം തട്ടിക്കൊണ്ടുപോകുന്നതിൽ ജർമ്മൻകാർ പ്രത്യേകം നിഷ്കർഷ വെച്ചു. ജനങ്ങളുടെ സ്ഥിതി വളരെ ശോചനീയമായിരുന്നു. പിടിച്ച മത്സ്യങ്ങളെ കരക്കണക്കുന്നതിന്നു മുമ്പെത്തന്നെ, ജർമ്മൻകാർ ആവശ്യപ്പെട്ടു. ഒരിക്കൽ, അത്തൻസിലേക്കുള്ള തുറമുഖമായ പിറോസിയിൽ പാലും ഭക്ഷണപദാർത്ഥങ്ങളും ഇറക്കുവാൻ അവർ അനുവദിച്ചില്ല; ആ സാമഗ്രികൾ നേരെ ജർമ്മനിക്കു കയററി അയക്കുകയാണുണ്ടായത്. ജർമ്മൻകാരുടെ നിയന്ത്രണാധീനമായിരുന്ന ഭക്ഷണ മന്ത്രികാര്യാലയത്തിന്റെ ശിക്ഷാവിധി ഭയങ്കരമായിരുന്നു. ധാന്യങ്ങളും, സസ്യങ്ങളും വിഹിതപ്രകാരം കൊണ്ടുചെല്ലാത്ത ജനങ്ങൾക്കു മരണശിക്ഷയായിരുന്നു വിധിച്ചിരുന്നത്. സഖ്യശക്തികൾ ഗ്രീസിലേക്കു ഭക്ഷണസാമഗ്രികൾ അയക്കുവാൻ നിർബ്ബന്ധിതരായി. അവർ അക്കാര്യം നിർവ്വഹിക്കുകയും ചെയ്തു. ഗ്രീസിലെ ജനങ്ങൾ അനുഭവിച്ച ദുരിതങ്ങൾ ഭയാനകമാണ്. ഒരു ദൃക്സാക്ഷി പറയുന്നു കപ്പൽച്ചരക്കു ഇറക്കുന്നവർ പട്ടിണികിടന്നു പരവശരായിരുന്നതിനാൽ അവർക്കു സാമാനമിറക്കാൻ സാധിച്ചില്ല; ആദ്യം അവർക്കു ഭക്ഷണം നൽകേണ്ടിവന്നു. കുട്ടികൾ വിശന്നുപൊരിഞ്ഞു, എല്ലും എച്ചിലും തിരഞ്ഞു കുപ്പകളിൽ കിടന്നിഴഞ്ഞിരുന്നു.

## ജനകീയത്വത്തിന്റെ പാരമ്പര്യങ്ങൾ

എന്നാൽ, മൂന്നു വർഷങ്ങൾക്കുശേഷം, ഇന്നു സഖ്യശക്തികൾ, അവരുടെ മുഴുവൻ ശക്തിയുമായി വീണ്ടും ഗ്രീസിൽ എത്തിയിരിക്കുന്നു. ബ്രിട്ടീഷുകാർ അവരുടെ വാഗ്ദത്തം നിറവേററിയിരിക്കുന്നു. ഗ്രീസിനെപ്പോലെ മററൊരു രാജ്യത്തും ഈ സംരംഭത്തിൽ അത്രയധികം ആഹ്ലാദം ഉണ്ടാവുകയില്ല. പെലപ്പോണസ്സ്, മോറിയ എന്നീ അർദ്ധദ്വീപുകളിൽ വിമോചിപ്പിക്കുന്ന സേനകൾ മുന്നോട്ടു കയറിയപ്പോൾ, കൃഷിക്കാർ അവരുടെ ആഗമനത്തിന്നു സ്വാഗതം അരുളിയിരിക്കുന്നു.

ഫ്രാൻസിനെക്കഴിച്ചാൽ പിന്നെ ലോകത്തെ മുഴുവനും ആനന്ദത്തിൽ ആറാടിക്കുന്ന ഒന്നു ഗ്രീസിന്റെ വിമോചനമാണ്. ആധുനികലോകത്തിന്റെ പരിഷ്കാരം വളർന്നതു് ഗ്രീസിൽനിന്നാണ്. ആ കടുത്ത റോമൻ സാമ്രാജ്യത്തിൽനിന്നല്ല, പടിഞ്ഞാറൻ യൂറോപ്യനെ ആയാളുടെ വടക്കൻ യൂറോപ്യനുമായി വ്യത്യസ്തമാക്കി കാണിക്കുന്ന ആ ആകർഷത്വം ലഭിച്ചതു്. പിന്നേയോ? ഗ്രീക്ക് സംസ്കാരത്തിൽനിന്നത്രെ.

തങ്ങളുടെ പൈതൃകനേട്ടങ്ങളെയും, ദേശീയപ്രചോദനങ്ങളായ സജീവ പാരമ്പര്യങ്ങളേയുംപററി ഇന്നത്തെ ഗ്രീക്കുകാർക്കു തികച്ചും ബോധമുണ്ട്. ഒരു ശതാബ്ദത്തിന്നുമുമ്പ്, ബൈറൺ ഗ്രീക്കുകാരുടെ സ്വാതന്ത്ര്യസമരത്തിലേക്കു ലോകത്തിന്റെ ശ്രദ്ധയെ മുഴുവനും ക്ഷണിക്കുകയുണ്ടായി. ഇന്നും ഗ്രീക്കുകാരെക്കുറിച്ച് തത്തുല്യമായ ഒരു ശ്ലാഘയുണ്ടെങ്കിൽ, അതു അവർ പൈതൃകമായി നേടിയ പഴയ വൈഭവങ്ങളാൽ മാത്രമല്ല, ഗ്രീക്കുകാർ മൂന്നര കൊല്ലങ്ങൾക്കുമുമ്പ് ഭീമമായ ജർമ്മൻസേനകൾക്കെതിരായി ചെയ്ത ആ ധീരവും പ്രശംസനീയവുമായ സമരത്താലുമാണ്. ഇന്നു ജർമ്മൻകാരായ കവർച്ചക്കാരും കൊള്ളക്കാരും സഖ്യശക്തികളിൽനിന്നു രക്ഷപ്പെടാൻവേണ്ടി പാഞ്ഞൊളിക്കുന്നു—ഒരു പക്ഷെ അവരെ പിടിച്ചടക്കാൻ ഉൽക്കണ്ഠിതരായ റഷ്യക്കാരും, റുമേനിയക്കാരും, യൂഗോസ്ലാവുകാരുമായ സേനകളുടെ മുഷ്ടിക്കുള്ളിലേക്ക്! അവർക്കു ഒരിടത്തും അഭയസ്ഥാനം കിട്ടുകയില്ല; അവരോടു ആരും ദയ പ്രദർശിപ്പിക്കയുമില്ല. അവർക്കൊരൊററ വഴിയെ ഉള്ളൂ: നിരുപാധികമായി കീഴടങ്ങുക. ഇതു അവർതന്നെ വിളിച്ചുവരുത്തിയ ഒരു പ്രതികാരദേവതയാണ്. തെക്കൻ യൂറോപ്പിലെ പട്ടിണികിടന്നു വലയുന്ന ആയിരമായിരം ജനങ്ങൾക്കു തീർച്ചയായും അവരോടു യാതൊരു സഹതാപവും ഇല്ലതന്നെ.

രണ്ടായിരം വർഷങ്ങൾക്കുമുമ്പെ സ്വരാജ്യത്തിൽവെച്ച് പെരിക്ലിസ് പറഞ്ഞ ഈ വാക്യത്തെ ഗ്രീക്കുകാർ മാന്യമാംവിധം സാത്മ്യമാക്കിയിട്ടുണ്ട്. "നമ്മുടെ പ്രശസ്തരായ ആളുകൾ ചെയ്തതിനെ കവച്ചു പ്രവർത്തിക്കുകയാണ് നിങ്ങൾ ചെയ്യേണ്ടതു്. സുഖത്തിന്റെ രഹസ്യം സ്വാതന്ത്ര്യമാണ്. സ്വാതന്ത്ര്യത്തിന്റെ രഹസ്യം ശത്രുവിനെ പേടിച്ചുകലാത്ത ഒരു ധീരഹൃദയവും, ഒരു ധീരന്നു ബലവും ഉത്സാഹവും ഉള്ളപ്പോൾ, അപ്രതീക്ഷിതമായി മരണം വന്നടുക്കുന്നതിനേക്കാൾ വേദനാജനകമാണ്, സമരത്തെ എതിരിടാതെ നിൽക്കുക എന്നതു്."

ജനകീയത്വത്തിന്റെ ആശയം ലോകത്തിന്നു നൽകിയ ആ ഗ്രീക്കുകാരുടെ പരമ്പരകൾക്ക്, ഈ മാസം ഒരു വിമോചനാവസരമാണ്. ജനകീയവിശ്വാസികളായ എല്ലാവരും ഈ ആഹ്ലാദത്തിൽ പങ്കുകൊള്ളുന്നുണ്ട്. മനുഷ്യചരിത്രത്തിലെ ഏററവും ഒച്ചപ്പാടുള്ളതും വേദന നിറഞ്ഞതുമായ ഈ ഭാഗങ്ങൾ, അവസാനിച്ചശേഷം അത്തൻസിലെ മധുവർണ്ണമായ അക്രോപ്പോളിസ് ഗ്രീസിന്റെ അന്തരീക്ഷത്തിൽ അനുപമമായി നിലകൊള്ളും.

# ആഴ്ചക്കുറിപ്പുകൾ


## വെൻറൽ വില്ക്കി—ലോകത്തിലെ ഒരു പൌരപ്രമുഖൻെറ നിൎയ്യാണം

മി. വെൻറൽ വില്ക്കിയുടെ നിൎയ്യാണം ജനങ്ങൾക്കു് അവിചാരിതമായ ഞെട്ടലാണു് ഉണ്ടാക്കിയിരിക്കുന്നതു്. അദ്ദേഹം മഹാനായ ഒരു അമേരിക്കക്കാരൻ മാത്രമായിരുന്നില്ല. ദേശീയതക്കും കക്ഷികൾക്കും ഉപരിയായി ചിന്തിക്കേണ്ട ആവശ്യകതയെ അറിഞ്ഞ ലോകത്തിലെ ഒരു മഹാനുഭാവനായ പൌരസംക്രടിയായിരുന്നു. അദ്ദേഹം ശാസ്ത്രത്തിൻെറ ഗതിയുടെ സാദ്ധ്യതകളെ തികച്ചും ഗ്രഹിച്ചിരുന്നു. വിശിഷ്യ കുഴഞ്ഞു മറിഞ്ഞ നമ്മുടേ ലോകത്തെ ഏകീകരിക്കുന്നതിൽ വിമാനങ്ങൾക്കുള്ള ഭീമമായ പ്രാധാന്യത്തെപ്പററി അദ്ദേഹം കണ്ടറിഞ്ഞിട്ടുണ്ടു്. അദ്ദേഹം യുദ്ധകാലത്തെ ലോകത്തിൽ നടത്തിയ പൎയ്യടനത്തെ രേഖപ്പെടുത്തിയെഴുതിയ "ഒരേ ലോകം" എന്ന ഗ്രന്ഥത്തിൽ, ഗവൎമ്മേണ്ടിനെ വിമൎശിക്കുകയൊ, പുതിയ ഗവൎമ്മേണ്ടുകൾ ആവശ്യപ്പെടുകയൊ, ഗവൎമ്മേണ്ടിൽ മാററങ്ങൾ വേണമെന്നു സ്ഥാപിക്കുകയൊ അല്ല അദ്ദേഹം ചെയ്തിരിക്കുന്നതു്. പിന്നേയൊ? പൌരസ്ത്യ രാജ്യത്തിൽ കൂടുതൽ ആരോഗ്യവും വിദ്യാഭ്യാസവും പ്രചുരപ്രചാരമാക്കുന്നതിൻെറ ആവശ്യകതയെ ഊന്നിപ്രസ്താവിക്കുക മാത്രമാണു്. എത്ര വിസ്താരസഹിതമായാലും ശരി, ഒരു രാജ്യത്തിനും, അതിൻെറ അയൽപക്കക്കാരുമായി സൌഹാൎദ്ദത്തിൽ വൎത്തിക്കാതെ സ്വാതന്ത്ര്യമായി നിലനില്ക്കാൻ സാദ്ധ്യമല്ലെന്നു് അദ്ദേഹം കണ്ടു. അദ്ദേഹത്തിൻെറ രാഷ്ട്രീയാഭിപ്രായങ്ങൾ തൻെറ രാജ്യത്തിൻെറ അതിർ അതിലംഘിച്ചുകടന്നു. ഈ സംഗതി അദ്ദേഹത്തിൻെറ സ്വന്തം കക്ഷിയായ റിപ്പബ്ലിക്കൻ കക്ഷിയിൽതന്നെ വളരെയധികം ഇളക്കമുണ്ടാക്കിത്തീൎത്തു. പ്രസിഡണ്ട് റൂസ്‌വെൽട്ട് അദ്ദേഹത്തിൻെറ ചരമവാൎത്തയിൽ അനുശോചിച്ചു് ചെയ്ത ആ പ്രസ്താവനയിൽ മി. വില്ക്കിയുടെ അസാധാരണമായ അഭിപ്രായധീരതയെ അത്യധികം പ്രശംസിച്ചിരിക്കുന്നു. ഈ അഭിപ്രായം എത്രമാത്രം ശരിയാണെന്നു് മി. വില്ക്കിയുടെ പുസ്തകം പാരായണംചെയ്യുന്ന മുപ്പതൊ നാല്പതൊ ലക്ഷം വായനക്കാൎക്കു് ബോദ്ധ്യമാവുന്നതാണു്. ഈ ധീരതയാണു് അദ്ദേഹത്തെ ജനങ്ങളുമായി കൂട്ടിയിണക്കിയതും. മനുഷ്യലോകം ഒന്നു, ഇതായിരുന്നു മി. വില്ക്കിയുടെ ആദൎശം.

## നാവിദിനം

ആദ്യത്തെ പ്രാവശ്യമാണു് ഇന്ത്യയിൽ ഒക്ടോബർ 21-ാംനു ട്രാഫൽഗർ യുദ്ധത്തിൻെറ വാൎഷിക ദിനമായ നാവിദിനം ആഘോഷിക്കാൻ പോവുന്നതു്. ഈ നൂതനപദ്ധതി വളരെ സന്ദൎഭോചിതമായിരിക്കുന്നു. ഈയിടെ മി. എ. വി. അലക്സാണ്ടർ ഇന്ത്യൻ സമുദ്രത്തിൽ റോയൽ നേവിയുടെ പ്രവൎത്തനമുണ്ടെന്നും, അടുത്തുതന്നെ വമ്പിച്ച തോതിൽ പൌരസ്ത്യ യുദ്ധരംഗത്തിലേക്കു് ഒരു വലിയ വിഭാഗം കപ്പൽസേന പോകുന്നതാണെന്നും പ്രസ്താവിക്കയുണ്ടായി. ഇന്ത്യാരാജ്യത്തിൻെറ കപ്പൽ പടയിൽ വലിയ ഒരഭിവൃദ്ധിയുണ്ടായിട്ടുണ്ടു്. വൈസ് അഡ്മിറൽ ഗോഡ്ഫ്രീ ഡൽഹിയിൽവെച്ചു് ഈയ്യിടെ പ്രസംഗിക്കയുണ്ടായി "ഇന്ത്യൻ നാവിക്കു് വിദ്യാഭ്യാസം ലഭിച്ചവരും, ചുറുചുറുക്കുള്ളവരുമായ അനവധി തെക്കെ ഇന്ത്യയിലെ ചെറുപ്പക്കാരെ ലഭിച്ചതു് അതിരററ ഭാഗ്യമാണെന്നു്" ഇന്ത്യയുടെ കയററുമതി വ്യാപാരം 90 ശതമാനവും കടൽമാൎഗ്ഗമാണു്. ഇവയൊക്കെ സ്തംഭിപ്പിക്കുന്നതിന്നു അര ഡസൻ ജാപ്പ് ക്രൂയിസറുകൾക്കു് സാധിക്കയും ചെയ്യും. ഗോഡ്ഫ്രീ പറഞ്ഞതുപോലെ, ഇന്ത്യയിലുള്ള 20 ലക്ഷം പട്ടാളക്കാൎക്കു് ഇതിനെ തടയാൻ വയ്യ. ഈ വാസ്തവത്തെ എല്ലാവരും മനസ്സിലാക്കി പ്രവൎത്തിക്കേണ്ടതാണു്. നമ്മുടെ കടലിലെ സാ

## പതിനെട്ടാമത്തെ അടവ്



സഹോദര്യത്തിൽ കൂടുതൽ ഇന്ത്യൻ യുവാക്കൾ ചേരുമെന്നു നമുക്ക് ആശിക്കുക. വർഗ്ഗീയമൊ, രാഷ്ട്രീയമൊ ആയ വ്യത്യാസങ്ങളില്ലാത്ത ഒരു സഹോദര്യമാണ് റോയൽ ഇന്ത്യൻ നേവിയിൽ ഉള്ളത്. ഈ സംഗതികളുടെ വെളിച്ചത്തിൽ, നാവിദിനാഘോഷം ഇന്ത്യക്കാർക്കു വളരെയധികം അർത്ഥവത്തായ ഒരു ദിനമാണ്.

## ജർമ്മനിയിന്മേൽ ആകാശത്തിൽ നിന്നുള്ള ബ്ലിററ്സ്

കഴിഞ്ഞ ശനിയാഴ്ച ഒക്ടോബർ 7-ാംനു ജർമ്മനിക്കു ഒരു ഭയങ്കര ദിനമാണ്. വ്യസനപൂരിതവും, ചിന്താമഹവും, ഓർമ്മിക്കേണ്ടതുമായ ഒരു ദിവസം. അന്നാണ് സഖ്യശക്തികളുടെ 5,000 വിമാനങ്ങൾ ജർമ്മനിയുടെ വൈയസായികനഗരങ്ങളിൽ ബോമ്പുകൾ വർഷിച്ചത്. ജർമ്മനിയിലെ ഒരു പ്രധാന അണക്കെട്ടു ഈ ബോമ്പുവർഷത്താൽ തമർന്നുപോയി. നാനാപ്രകാരേണയും യുദ്ധാവശ്യങ്ങൾക്കായി സാമഗ്രികളെ നിർമ്മിക്കുന്ന വ്യവസായശാലകൾ താറുമാറാക്കപ്പെട്ടു. ഫ്രാൻസ്, ബ്രിട്ടൻ, ഇററലി ഇങ്ങിനെ മൂന്നിടങ്ങളിൽ നിന്നും ബോമ്പിട്ടു മറിമീശക്കാരൻ ഹിററ്ലറെ ശ്വാസംമുട്ടിച്ചു. എത്രയധികം നാശങ്ങളും കഷ്ടനഷ്ടങ്ങളുമാണ് ഇതിനാൽ വന്നിരിക്കുന്നതെന്ന് ഫോട്ടോകൾ കണ്ടാലെ തികച്ചും മനസ്സിലാക്കാൻ സാധിക്കയുള്ളൂ. ജർമ്മനിക്ക് വേണ്ടത്ര മരുന്ന് കൊടുക്കുന്നുണ്ട്; ജർമ്മനി ബ്രിട്ടനു നൽകിയതിനേക്കാളും കടുത്ത ഔഷധം. അവർക്ക് ഈ മരുന്നു വേണ്ടെങ്കിൽ, അവർ കീഴടങ്ങിക്കൊള്ളട്ടെ.


### മറെറാരു ഭിത്തി

സിഗ്ഫ്രീഡ് നിരപൊട്ടിത്തകർന്നുകൊണ്ടിരിക്കുമ്പോൾ, ഭയപരവശനായ ഗോബൽസ് ജർമ്മൻ തൊഴിലാളികളോടുചെയ്ത ഒരു പ്രസംഗത്തിൽ പിതൃരാജ്യത്തിന്റെ പ്രതിരോധനത്തിന്നു സന്നദ്ധമാവുന്നതിന്നു ആഹ്വാനം ചെയ്തിരിക്കുന്നു. "എല്ലാ വീട്ടും ഓരോ കോട്ടയായിരിക്കണം". അയാൾ അവരോടുപറഞ്ഞു "വെറുക്കപ്പെട്ട ശത്രുക്കളെ തടുക്കുന്നതിന്നു ശവങ്ങൾ കൊണ്ടുള്ള ഒരു ചുമർ ഉയർന്നുവരും. ചെറുപ്പക്കാരും കിഴവന്മാരുമൊക്കെ പങ്കെടുക്കും. യുദ്ധരംഗത്തിലും അതിന്നു പിന്നിലും മാന്ദ്യംകൂടാതെ ചെറുക്കുന്ന ഒരു ഉന്മാദം പിടിച്ച ജനസമൂഹത്തെ ശത്രു കാണണം." ഈ അവസാന നിമിഷത്തെ "പ്രതിരോധ" പ്രസംഗത്തെ കേട്ട എല്ലാ ജർമ്മൻകാർക്കും യാതൊരു വ്യാമോഹവും ഉണ്ടാവുകയില്ല, അവരോടെന്താണ് ആവശ്യപ്പെട്ടതെന്നും അതിന്റെ സൂചനയെന്താണെന്നും അനുമാനിക്കുന്നതിന്. ഒരൊററ ജർമ്മനും തടിച്ച മാംസക്കൊഴുപ്പുള്ള ആര്യനും കൂടി സഖ്യശക്തികളുടെ പടക്കോപ്പുകളുടെ ഉരുക്കിനോടും അഗ്നിയോടും ഒരു കൈ നോക്കാമെന്ന വിശ്വാസം കരുതുവാൻ അത്ര മോശക്കാരല്ലതന്നെ. ഈ ആഹ്വാനമെന്താണ് കറിക്കുന്നത്? നാസികളുടെ വിറളിപിടിച്ച മരണപായ്ച്ചൽമാത്രം!

### നാസികം പഠിച്ചപണി പതിനെട്ടും നോക്കുന്നു

സിഗ്ഫ്രീഡ് നിര ആക്കനിൽ മുറിഞ്ഞിരിക്കുന്നു; ആൺഹീമിൽ വമ്പിച്ച തോതിൽ യുദ്ധം നടക്കുന്നു, ഒരു 'ഭിത്തി' ഒരു ചങ്ങലയെപ്പോലെത്തന്നെ, ഒരു കണ്ണിയകററാൻ പിന്നെ നിഷ്പ്രയോജനമാവും. ആക്കൻ രംഗത്തിൽ

# ലോകമഹായുദ്ധം ഇങ്ങിനെ കാണുക







ശത്രു പോരാടുന്നതിന്നു നിർബ്ബന്ധിതനായി. ഹോളണ്ടിൽ ജർമ്മൻകാർ വാൾച്ചെറൻ ദ്വീപിൽ കെണിയിൽപ്പെട്ടു കിടക്കുന്നു. വൃഥാവിൽ അവരുടെ ഓരോ ഔൺസും ശക്തിയും പടയും ചൊരിഞ്ഞു ആൻറ്വെർപ്പിന്റെ തെക്കുഭാഗം ജർമ്മൻകാർ സഖ്യസേനയുടെ മുന്നോട്ടുള്ള കയററത്തെ തടയാൻ കിണഞ്ഞു പൊരുതുന്നു. നിമേഗൻ—ആൺഹീം മുനയിലും സമരം ഭയങ്കരമായ നിലയിൽ തുടരുന്നു. ചർച്ചിലും, റൂസ്‌വെൽട്ടും മററും പറഞ്ഞതുപോലെ ജർമ്മൻകാർ ബലമായി ചെറുക്കുകയും, ഇനിയും വളരെ രക്തം ചൊരിച്ചാൽ ഉണ്ടാവുകയും ചെയ്യും. നാസികൾ എത്ര നഷ്ടമാണ് തങ്ങൾക്കു പററുന്നതെന്നു നോക്കുകയില്ല. ആവശ്യം വന്നാൽ, അവർക്കു കഴിയുന്നതായാൽ, അവസാനസമരത്തിൽ ജർമ്മൻ ജനങ്ങളെ മുഴുവനും വലിച്ചിഴച്ചു നാസ്തിയാക്കുന്നതിന്നും അവർ മടിക്കയില്ല. എത്രതന്നെ കടുത്ത പ്രതിരോധം ഉണ്ടെങ്കിലും സഖ്യസേനകൾ ജർമ്മനിയെ സമീപിച്ചുതന്നെ വരുന്നു. അവർ മുന്നോട്ടു പോകുന്ന ഓരോ നാഴികയും അന്ത്യവിജയത്തെ ആസന്നമാക്കുന്നു.

### ഇന്ത്യൻപട്ടാളത്തെപ്പററി കനഡക്കാർ

ലോംബാർഡിയുടെ തലസ്ഥാനമായ ബൊളോണയ്ക്കു പത്തു നാഴികയടുത്തു സഖ്യസേനകൾ എത്തിക്കഴിഞ്ഞു. ഈ സേനയിൽ വളരെ കനഡക്കാരുണ്ട്. അവർക്കു ഇന്ത്യൻ പട്ടാളക്കാരോടുള്ള മതിപ്പും ശ്ലാഘയും അവരുടെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടും ഉണ്ട്. ഒരു മുഖപ്രസംഗത്തിൽ "മാപ്പിൾ ലീഫ്" എന്ന പത്രം പറയുന്നു: "ഇന്ത്യൻ പോരാളികളുടെ മേൽ എറിഞ്ഞ കളങ്കത്തെ അമേരിക്കയിലേയും, ബ്രിട്ടനിലേയും പത്രികാർമ്മങ്ങളിലേയും സേനകൾ എത്രുകുമെന്നു മി. ആമറി പറഞ്ഞതു തികച്ചും ശരിയാണ്. ഗസ്റ്റവ് നിര കടന്നശേഷം കനഡക്കാരായ ടാങ്കുസൈന്യം പറഞ്ഞു, തങ്ങൾ ഇന്ത്യൻ പട്ടാളത്തോടൊപ്പം നിന്നുപൊരുതുവാനാണിഷ്ടപ്പെടുന്നതെന്ന് ഇതിൽ കൂടുതൽ എന്തഭിനന്ദനം വേണം?" നാവിനെല്ലില്ലാത്ത നിരൂപകന്മാർക്കു എന്തും പറയാം.

### ചർച്ചിൽ മോസ്കോവിൽ

മാർഷൽ സ്റ്റാലിനുമായുള്ള പ്രതീക്ഷിച്ച ആ സമ്മേളനം—ഇതു് വാസ്തവത്തിൽ ക്രൈമിയ സമ്മേളനത്തിന്റെ തുടർച്ചയാണ്—ആരംഭിച്ചു കഴിഞ്ഞു. ചർച്ചിലൊന്നിച്ച വിദേശ കാര്യമന്ത്രി മി. ഏഡനും മററു പ്രധാനികളും മോസ്കോവിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. പ്രധാനമന്ത്രിയ്ക്കു റഷ്യൻയുദ്ധതന്ത്രത്തെപ്പററിയുള്ള പൂർണ്ണ വിവരം ഗ്രഹിക്കുന്നതിന്നും, യൂറോപ്പിന്റെ ഭാവിയെ സംബന്ധിച്ച കാര്യങ്ങളെ ആലോചിക്കുന്നതിന്നു ഈ മോസ്കോസന്ദർശനംകൊണ്ടു സാദ്ധ്യമാവും. ബാൾട്ടിക് രംഗത്തിൽ, ലിത്വേനിയയിൽ റഷ്യൻസേന വമ്പിച്ച ജർമ്മൻസേനകളെ കെണിയിൽ കുടുക്കിക്കൊണ്ടിരിക്കുന്നു. കിഴക്കൻ പ്രഷ്യയെ ആക്രമിക്കുന്നതിന്നുള്ള ഒരു സന്നാഹം മാത്രമാണതു്. വീണ്ടും തെക്കായി, ചുകപ്പുസേന ഹങ്കറിയിലെ ബുഡാപെസ്റ്റിലേക്കു ഉന്തിക്കയറുന്നു. ബൽഗ്രേഡിലേക്കു പ്രവേശിക്കുക എന്ന മാന്യകൃത്യം ഒരു പക്ഷെ നിർവ്വഹിക്കാനിടയുള്ള മാർഷൽ ടിറ്റോവിന്റെ സേനയുമായി ചുകപ്പുസേന യോജിച്ചിരിക്കുന്നു. തലസ്ഥാനനഗരികളെ പിടിക്കുക എന്നതുമാത്രമല്ല ഈ ഗതിയുടെ ലക്ഷ്യം. ജർമ്മൻസേനകളെ ഒററപ്പെടുത്തുക, കൈസർലിങ്ങിന്റെ രക്ഷാമാർഗ്ഗത്തെ അടച്ചുകളയുക, ഇവയൊക്കെ ചുകപ്പുസേനയുടെ ഈ തള്ളിക്കയററത്തിന്റെ ഫലങ്ങളാവും.

### കിഴക്കൻ യുദ്ധരംഗം

ടിഡിം യുദ്ധം ആരംഭിച്ചു. ജപ്പാൻകാർ അവരുടെ സാമാനങ്ങളും ശേഖരങ്ങളുമൊക്കെ നാശമടക്കാൻ തുടങ്ങി. ഈ സ്ഥലം പിടിച്ചാൽ ബർമ്മ സമരത്തിലെ ഒരു ഭാഗം അവസാനിക്കും. ബർമ്മ യുദ്ധത്തിൽ ശത്രുവിന്നു പററിയ നഷ്ടം ചില്ലറയൊന്നുമല്ല. ഇന്ത്യൻ സമുദ്രത്തിൽ റോയൽ നാവിയുടെ വരവോടുകൂടി ജപ്പാനെ വമ്പിച്ച രീതിയിൽ പ്രഹരിക്കാനുള്ള കോപ്പുകളും സജ്ജീകരണങ്ങളും മുഴുവനും സന്നദ്ധമായ്ക്കഴിഞ്ഞു. ബർമ്മയ്ക്കരികിൽ ജാപ്പു കപ്പലുകൾ മുക്കപ്പെട്ടു തുടങ്ങി. ഇപ്പോൾ ഇന്ത്യാ സമുദ്രത്തിൽ നിന്നും ശാന്തസമുദ്രത്തിൽനിന്നും ജാപ്പാനെ എതൃക്കാൻ സാധിക്കും.

### ചൈന

മി. ചർച്ചിൽ ചെയ്ത പ്രസംഗത്തിൽ ചൈനയ്ക്കു നൽകേണ്ട സഹായത്തെപ്പററി പ്രത്യേകിച്ചു എടുത്തു പറയുകയുണ്ടായി. അദ്ദേഹം പ്രസ്താവിച്ചു അമേരിക്ക ഈ കാര്യത്തിൽ സാരമായ ശൌനം ചെലുത്തുന്നുണ്ടെന്നും ഇപ്പോൾത്തന്നെ ഗണ്യമായ ഒരു തുക സാമാനങ്ങൾ അയച്ചു കഴിഞ്ഞെന്നും. ഓരോ മാസവും ചൈനയിലേക്കു 20,000 ടൺ സാമാനങ്ങൾ ആകാശമാർഗ്ഗമായി പോകുന്നുണ്ടെന്നു റൂസ്‌വെൽട്ട് ഒക്ടോബർ 3-ാം തിയ്യതി പ്രസ്താവിച്ചു. ഇക്കൂട്ടത്തിൽ മരുന്നുകൾ, പെട്രോൾ, വെടിമരുന്ന് ഇവയെല്ലാം ഉൾപ്പെടുന്നുണ്ട്.

ഇവയെല്ലാം വിമാനമാർഗ്ഗമായാണ് പോകുന്നതു്. ഇതു അത്ര എളുപ്പമേറിയ ഒരു കൃത്യവുമല്ല. സമുദ്രങ്ങളൊക്കെ തെളിഞ്ഞു ശത്രുബാധയൊഴിഞ്ഞതാകുംവരെ ആകാശമാർഗ്ഗമായേ സാമാനങ്ങൾ കൊണ്ടുപോകാൻ സാധിക്കയുള്ളൂ. വേണ്ടത്ര, സാമാനങ്ങൾ അയക്കുന്നതിന്നുള്ള വിഷമം ചിലപ്പോൾ നേരിടുന്നതു തന്മൂലമാണ്. 20,000 ടൺ സാമാനം! അതും വിമാനമാർഗ്ഗമായി മാസന്തോറും. എത്ര പ്രയാസമേറിയ കൃത്യമാണതു്. സഖ്യസേനകൾക്കതു പ്രയാസമായി തോന്നുന്നില്ലായിരിക്കാം. കാരണം ചൈനയായാലും, റഷ്യയായാലും, അമേരിക്കയായാലും, ബ്രിട്ടനായാലും ഒരേ ഒരുദ്ദേശമേ അവർക്കുള്ളൂ; ശത്രുവെ തോല്പിക്കുക.

## ചില വിവരങ്ങൾ

### ടിഡിം

അപ്പർ ചിൻമല നിരകളിലുള്ള ടിഡിം ഇംഫാലിന്നു 150 നാഴിക തെക്കാണ് സ്ഥിതിചെയ്യുന്നതു്. ചിന്ത്‌വിൻ താഴ്‌വരക്ക് ഇതു് പടിവാതിൽപ്പാതയാണ്. തെക്കൻ ചിൻകുന്നുകളിലേക്കുള്ള വഴിയെയും, മിട്ക്യാനാ താഴ്‌വരയേയും അതു കാത്തുരക്ഷിക്കുന്നു. പടിഞ്ഞാറൻ ബർമ്മയിലുള്ള ജപ്പാൻകാരുടെ പ്രതിരോധ വ്യവസ്ഥയുടെ മുഴുവൻ കേന്ദ്രവും താവളവും ഈ ചെറിയ നഗരത്തിലാണ്. ഇംഫാലും, ടിഡിമും നല്ല ഒരു നിരത്തിനാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു.

### റൂബിക്കൺ

ഇററലിയുടെയും സിസാൽപ്പൈൻഗാളിന്റെയും അതിരായി കിടന്നിരുന്ന റൂബിക്കൺ നദിയെ ജൂലിയസ് സീസർ കടന്നതു് റോമൻ സെനററും പോമ്പിയും തമ്മിലുള്ള ഒരു യുദ്ധപ്രഖ്യാപനത്തിന്ന് ഇടയാക്കി. ഒരാളെ ഒരു നിശ്ചിത കൃത്യം അംഗീകരിപ്പിക്കുന്ന കാര്യത്തെ ഉദ്ദേശിച്ച "റൂബിക്കൺകടക്കൽ" എന്ന ശൈലി ഈ ചരിത്രത്തിൽനിന്നുണ്ടായതു്.

### "അയേൺഗേററ്സ്"

ഡാന്യൂബിന്റെ മദ്ധ്യപ്രദേശങ്ങളെ ബാറിസ്സാ മുതൽ അടയാളമിട്ടു നിൽക്കുന്ന ഒരു ഇടപ്പുഴയാണ് അയേൺഗേററ്സ്. യൂഗോസ്ലാവിന്റെയും റുമേനിയയുടേയും അതൃത്തിയിലുള്ള ടൂർണ്ണസേവറിന്നും ബസാസിന്നും ഇടയിൽ ഡാന്യൂബ് കസാനിലൂടെ പാഞ്ഞു്, ഓസോവയിലെത്തുമ്പോൾ വീതി കൂടുകയും, വീണ്ടും അയൺഗേററിലെത്തുമ്പോൾ വീതി കുറയുകയും ചെയ്യുന്നു.

# പാവക്കൂത്ത്

ദക്ഷിണേന്ത്യയിലെ നാടൻവിനോദങ്ങളിലെല്ലാംവെച്ച് ഒരിക്കൽ ഏററവും പ്രസിദ്ധമായിരുന്നതു് സഞ്ചരിക്കുന്ന പാവക്കൂത്തുസംഘങ്ങളായിരുന്നു. തമിഴ രാജ്യത്തിലും മലബാറിലും പാവക്കൂത്തെന്നും തെലുങ്കരാജ്യത്തു ബൊമ്മലാട്ടമെന്നുമാണ് ഈ വിനോദത്തിന്നു പേർ പറഞ്ഞുവരുന്നതു്. ജാവക്കാരുടെ നിഴൽക്കൂത്തും ദക്ഷിണേന്ത്യയിൽനിന്ന് കടൽകടന്നുപോയ ഒരു വിനോദരീതിയാവണം.

പാവക്കൂത്തിന്നു ഒരു കൂട്ടം പ്രദർശനക്കാരും, പാട്ടുകാരും ഗ്രാമഗ്രാമാന്തരങ്ങളിൽ അവരുടെ പാവപ്രദർശനങ്ങളും നടത്തി സഞ്ചരിക്കുന്നു. ഈ പാവകൾ, പ്രഭാപൂരിതമായ രംഗത്തിലേയ്ക്കു നീങ്ങുന്നു. പ്രദർശകന്മാർ ഒരു കറുത്ത തിരശ്ശീലയുടെ പിന്നിൽ മറഞ്ഞുനില്ക്കുകയായിരിക്കും. അവർ അവരുടെ ദേഹത്തിലെ അവയവങ്ങളോടും, പാവയുടെ അവയവങ്ങളോടും തമ്മിൽ ബന്ധിച്ച ചരടുകൾ ഇളക്കി പാവകളെ തുള്ളിച്ചാടിക്കുന്നു. രംഗത്തിന്റെ പിന്നിൽ സംഭാഷണവും സംഗീതവും നടക്കുന്നു.

പ്രായം ചെന്നവർക്കും, ചെറുപ്പക്കാർക്കും ഒരുപോലെ, പ്രദർശകന്മാരുടെ നൈപുണ്യമനുസരിച്ച്, എപ്പോഴും ആകർഷണവും, ആസ്വാദനവും നൽകുന്ന ഒരു ഉല്ലാസമാണ് പാവക്കൂത്ത്.

ഇവയിൽ ഉപയോഗിച്ചുവരുന്ന കഥകൾ മിക്കതും പുരാണകഥകളാണ്. വർദ്ധിച്ചുവരുന്ന കളങ്കം, നാടൻ ലളിതകലകളിൽ പൊതുവെ കണ്ടുവരുന്ന താല്പര്യക്കുറവു, അതോടൊപ്പംതന്നെ, മത്സരിച്ചുവരുന്ന സിനിമകൾ, ഇക്കാരണങ്ങളാൽ ഗ്രാമീണ ഇന്ത്യയിലെ ഏററവും രസകരമായ ഈ വിനോദം ക്രമേണ ക്രമേണയായി നശിച്ചുതുടങ്ങി. ഇങ്ങിനെ ഈ കല ഒന്നോ രണ്ടോ പ്രദർശകന്മാരുടെ കയ്യിൽ മാത്രമായി അവശേഷിച്ചു അല്ലെങ്കിൽ പ്രോത്സാഹനവും സംരക്ഷണവും കിട്ടാതെ അവരും കൂടെ നശിച്ചിരിക്കാം.

നാടൻ കലകളുടെ പൊതുവായുണ്ടായ പുനരുദ്ധാരണത്തിൽ, ഇടക്കാലത്തുവെച്ച് പണ്ടു പണ്ടേ അസ്തമിച്ച ഈ വിനോദത്തിലും അല്പം താല്പര്യം വന്നുതുടങ്ങിയിട്ടുണ്ട്. ആധുനികകാലത്തു് പാവക്കൂത്തിന്നു ഒരു ആകർഷണീയമായ പുതുമയുണ്ടെന്ന് അറിഞ്ഞുതുടങ്ങിയിരിക്കുന്നു. നേരമ്പോക്കുകളും പൊറാട്ടുകളും, ഈ 'ജീവൻ വെപ്പിച്ച' പാവകളുടെ കൂത്തിൽ ധാരാളം ഉണ്ട്. എല്ലാവിധേനയുമുള്ള പ്രചരണവും, വെറും തമാശയിൽത്തന്നേ ഇതിൽക്കൂടെ നടത്തുന്നതിന്നുള്ള സാദ്ധ്യതകളുണ്ട്.

## ദേശീയ സമരമുന്നണി ചെയ്യു പുനരുദ്ധാരണം

ഏററവും സവിശേഷമായ രീതിയിൽ വിനോദത്തിലൂടെ ഗ്രാമീണരുടെ ഇടയിൽ ദേശീയ സമരമുന്നണിയുടെ സന്ദേശത്തെ പരത്തുന്നതിന്നായി പാവക്കൂത്തിലുള്ള സാദ്ധ്യതകളെ കണ്ടറിഞ്ഞതിന്നുള്ള മദ്രാസിലെ ഗാനപ്രചരണ കാര്യാലയത്തെ അഭിനന്ദിക്കേണ്ടതാണ്. അവർ ചെല്ലുന്നേടത്തെല്ലാം സഞ്ചരിക്കുന്ന പാവക്കൂത്തുസംഘം ഒരുമിച്ചു ഗ്രാമീണരുടെ മുമ്പിൽ പ്രദർശനം നടത്തുന്നു; അഴകായി ചായം തേച്ച്, ഉടുപ്പണിയിച്ച—അവരുടെ സ്വന്തം അന്തസ്സിനെ പുലർത്തി ആംഗ്യം കാണിക്കുന്ന— പാവകളിൽ നിന്നു കേൾക്കുന്ന: പാട്ടിന്നും സംഭാഷണത്തിന്നും ഗ്രാമീണരായ കാണികൾക്ക് ഒരു സജീവത്വം തോന്നുന്നു. ഈ സംഘത്തിന്നു കൈവന്ന വിജയംമൂലം യുദ്ധപ്രചരണത്തിന്നു മാത്രമല്ല, യുദ്ധാനന്തരം ഇന്ത്യൻ ഗ്രാമങ്ങളിൽ അഭിവൃദ്ധിയുടെയും വിദ്യാഭ്യാസത്തിന്റെയും സന്ദേശങ്ങൾ പരത്തുന്നതിന്നും ഉള്ള വിദ്യാഭ്യാസത്തിന്നുള്ള ഒരു ഉപകരണമെന്ന നിലക്കു പാവക്കൂത്തിന്നു തീർച്ചയായും ഒരു ശോഭനമായ ഭാവിയുണ്ടെന്നു പലർക്കും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. നമ്മുടെ ദേശീയ സംസ്കാരത്തിലെ ഒരു നിധിയായ പാവക്കൂത്ത് തീരെ നശിക്കുംമുമ്പെ അതിനെ പുനരുദ്ധരിച്ചു രക്ഷിക്കുന്നതിന്നു ദേശീയ സമരനിര മുന്നോട്ടു വന്നതു് ഏററവും പ്രധാനമായ ഒരു സംഗതിയാണ്.

[അനുവാദം: തൃശ്ശിനാപ്പള്ളി പ്രക്ഷേപണകേന്ദ്രത്തിൽനിന്നുള്ള ഒരു പ്രസംഗം]



പാവ നൃത്തം ചെയ്യുന്നു



ഒരു പ്രണയരംഗം

## യുദ്ധം കഴിഞ്ഞാൽ

# പട്ടാളക്കാൎക്ക് കോപ്പറേററീവ് കൊളനികൾ

നിങ്ങൾ നിങ്ങളുടെ ഒഴിവുസമയങ്ങളിൽ ആലോചിക്കുന്നുണ്ടോ, യുദ്ധം കഴിഞ്ഞാൽ എന്തു ചെയ്യണമെന്നു്? നിങ്ങൾക്കു അനുമാനിക്കാൻ കഴിയുമോ നിങ്ങൾക്കു എത്ര സന്ദൎഭങ്ങളും സൌകൎയ്യങ്ങളും നിറഞ്ഞ ഒരു ജീവിതരീതിയാണുണ്ടാവുക എന്നു്? അതേ, തീൎച്ചയായും സഖ്യശക്തികൾ ത്വരിതഗതിയിൽ വിജയത്തിന്റെ മാൎഗ്ഗത്തിലേക്കു കുതിക്കുന്ന ഈ അവസരത്തിൽ നിങ്ങളുടെ ചിന്തകൾ ഇക്കാൎയ്യങ്ങളെപ്പററിയായിരിക്കാം.

ഒരു സുവൎണ്ണാവസരം നിങ്ങളുടെ പ്രത്യാഗമനത്തെ പ്രതീക്ഷിച്ചു നില്ക്കുന്നു. നിങ്ങൾക്കു വീടും കൃഷിസ്ഥലവും മററു സുഖസൌകൎയ്യങ്ങളും നൽകി ഗ്രാമങ്ങളിൽ ഒരു സുഖകരമായ ജീവിതം നയിക്കുന്നതിന്നു നിങ്ങളെ പ്രാപ്തമാക്കാൻ വേണ്ട ഏൎപ്പാടുകളെല്ലാം ഗവൎമ്മേണ്ടു ചെയ്യുന്നുണ്ടു്.

നിങ്ങളിൽ മിക്കവരും ഗ്രാമങ്ങളിൽനിന്നു വരുന്നവരാണു്. എന്നാൽ നിങ്ങൾ മടങ്ങിച്ചെല്ലുന്ന ആ ഗ്രാമങ്ങൾ നിങ്ങൾക്കു സുഖകരമായ ഒരു ജീവിതത്തിന്നുള്ള പരിതസ്ഥിതികൾ നൽകുന്ന ഗ്രാമങ്ങളായിരിക്കും. പട്ടാളക്കാരായിരുന്നവൎക്കുവേണ്ടി ഓരോ ജില്ലയിലും സ്ഥാപിതമാവുന്ന ജില്ലാകേന്ദ്രങ്ങളിൽ നിങ്ങൾ എളുപ്പത്തിൽ ചെല്ലാം: നിങ്ങൾക്കു കോപ്പറേററീവ് കൊളണി (സഹകരണരീതിയിലുള്ള പുതുക്കുടികൾ) കളിൽച്ചേരാനുള്ള മാൎഗ്ഗം ആ കേന്ദ്രങ്ങൾ കാണിച്ചുതരും. ഈ കൊളണികളിൽ നിങ്ങളൊന്നിച്ചു് ഇതേവരെയും പ്രവൎത്തിച്ചിരുന്ന ചങ്ങാതികളൊടൊപ്പം, നിങ്ങളുടെയും നിങ്ങളുടെ കൂട്ടുകാരുടേയും ക്ഷേമത്തിന്നായി യോജിച്ചു പ്രവൎത്തിച്ചുകൊണ്ടു നിങ്ങൾക്കു ജീവിക്കാം. നിങ്ങൾ അത്രമേൽ അൎഹിക്കുന്ന വിധത്തിലുള്ള വിശ്രമവും, നിങ്ങളുടെ അധ്വാനത്തിന്നുള്ള ഫലങ്ങളും നിങ്ങൾ ആസ്വദിക്കും. നിങ്ങൾക്കു് എല്ലാവൎക്കും ഒന്നിച്ചു പണിയെടുത്തു ജീവിക്കുകയും ചെയ്യാം.

കോളണിയിൽ, കൃഷിക്കു വേണ്ടിയുള്ള നിലം തിരിച്ചുവരുന്ന പട്ടാളക്കാൎക്കു സൌജന്യമായി നൽകപ്പെടും. ഓരോരുത്തൎക്കും കിട്ടുന്ന സ്ഥലം 5 ഏക്കർ ചതുപ്പുനിലം മുതൽ 10 ഏക്കർ വരണ്ടനിലം വരെയായിരിക്കും. എന്തായാലും ഒന്നു തീൎച്ചയാണു്: നിങ്ങൾക്കു കൃഷി ചെയ്യുന്നതിന്നു വേണ്ടത്ര നിലമുണ്ടാവും. ഗ്രാമത്തിലുള്ള കോളണിയിലേക്കു ഒരു നല്ല റോഡും ഉണ്ടാവും. ചെടികളും കാട്ടുപടലങ്ങളുമൊക്കെ വെട്ടിത്തെളിയിച്ചു നിലം കൃഷി ചെയ്യാനുതകുന്ന വിധത്തിലാക്കിത്തീൎക്കും. ജലസേചനത്തിന്നു തോടുകളും ചിറകളും നിൎമ്മിക്കപ്പെടും. ജലസേചനാവശ്യാൎത്ഥം ഗ്രാമങ്ങളിലെ കുളങ്ങളും ഏരികളും നന്നാക്കിവരുന്നു. കുടിക്കുവാനുള്ള വെള്ളത്തിന്നു കിണറുകൾ കുഴിക്കപ്പെടുന്നുണ്ടു്. നിങ്ങൾക്കു വീടുകൾ നിൎമ്മിച്ചുതരും—കളിസ്ഥലങ്ങൾ, വായനശാലകൾ, ആരാധനാസ്ഥലങ്ങൾ, വിദ്യാലയങ്ങൾ മുതലായവയും നൽകപ്പെടും.

ഓരോ കോളനിയിലും നൂറു മുതൽ ഇരുനൂറുവരെ ആളുകൾക്കു കുടിയേറിപ്പാൎക്കുകയും പ്രവൎത്തിക്കയും ചെയ്യാം. അവരെല്ലാം ചേൎന്നു് ലാൻറ് കോളനൈസേക്ഷൺ സൊസൈററി രൂപീകരിക്കപ്പെടും. ആ സംഘത്തിന്റേതായിരിക്കും കൊളണിയിലെ മുഴുവൻ സ്വത്തുക്കളും.

ഈ സൊസൈററിയെ ഭരിക്കുന്നതു് നിങ്ങളുടെ ഒരു കമ്മിററി തന്നെയായിരിക്കും. ഈ കമ്മിററി നിങ്ങൾക്കോരോരുത്തൎക്കും ഓരോ വീടും, വരണ്ടതൊ, ചതുപ്പോ ആയ അഞ്ചോ പത്തോ ഏക്കർ നിലവും തരും.

നിങ്ങൾ എന്നും കൃഷി ചെയ്യാനുള്ള അവകാശമുണ്ടായിരിക്കും. അത്യദ്ധ്വാനത്തോടും ഉത്സാഹത്തോടും നിങ്ങൾ പണിയെടുക്കുകയും, വൎഷംപ്രതി ഏതാനും ഉറുപ്പിക വീതം കെട്ടാക്കുകയും ചെയ്താൽ, 20 കൊല്ലത്തിന്നു ശേഷം നിങ്ങൾക്കു ആ നിലം ജന്മമായിക്കിട്ടുന്നതുമാണു്. നിലം നിങ്ങളുടെതായിരിക്കും. നിങ്ങളുടെ പിന്നെക്കാലം നിങ്ങളുടെ കുട്ടികളുടെതും. നിങ്ങളുടെ വീടു് സൊസൈററിയുടെയാണു്. എങ്കിലും നിങ്ങൾ വീടു സ്വന്തമായി വാങ്ങണമെന്നുദ്ദേശിക്കുന്നപക്ഷം വൎഷംപ്രതി തവണയായി പതിനഞ്ചോ ഇരുപതോ വൎഷം കൊണ്ടു വില കൊടുത്താൽ വീടു നിങ്ങളുടെ സ്വന്തമാവും.

നിങ്ങൾക്കു കിട്ടുന്ന കൃഷിസ്ഥലത്തിൽ നിങ്ങൾക്കിഷ്ടമുള്ള കൃഷി ചെയ്യാം. അരി, രായി, കമ്പു്, ചോളം, സസ്യപദാൎത്ഥങ്ങൾ, പഴങ്ങൾ ഇങ്ങിനെ എന്തും. ആദ്യത്തെ 5 വൎഷങ്ങളിൽ നിങ്ങൾ സൎക്കാരിന്നു നികുതി കൊടുക്കേണ്ടതില്ല. നിങ്ങളുടെ കൃഷിസ്ഥലത്തുണ്ടാവുന്ന വിളവു നിങ്ങൾക്കു സ്വന്താവശ്യത്തിന്നെടുക്കാവുന്നതാണു്. കുടിയേറി പാൎക്കുന്ന ഓരോ ആൾക്കും ആയാളുടെ സ്വന്തസ്ഥലത്തുണ്ടാവുന്ന വിളവുകളിൽനിന്നു സമ്പാദ്യം ഉണ്ടാക്കാം. പക്ഷെ, അംഗങ്ങൾ ഇഷ്ടപ്പെടുന്നപക്ഷം, പല അംഗങ്ങളുടെയും ഉല്പന്നങ്ങൾ ഒന്നിച്ചു വിററഴിക്കുന്നതിന്നും ആദായത്തെ വിഭജിച്ചുകൊടുക്കുന്നതിന്നും സൊസൈററി സഹായം നൽകുന്നതാണു്. ഓരോരുത്തൎക്കും മിച്ച വിളവു സൊസൈററിയും കൊടുക്കാൻ സൊസൈററി ആവയെയും തന്നെ ഒരുക്കൂട്ടിവെച്ചു, നല്ല വിലയുണ്ടാവുന്ന കാലത്തു അതു വിററഴിക്കും. ഈ ശേഖരത്തിലേക്കു നിങ്ങൾ നൽകിയ തോതനുസരിച്ചു, വിററ പണത്തിൽനിന്നു ഓരോഹരി നിങ്ങൾക്കു കിട്ടുകയും ചെയ്യും.

ഉല്പന്നങ്ങൾ ഉണ്ടാക്കാൻ ജില്ലയിലുള്ള സെൻട്രൽ കോപ്പറേററീവ്ബാങ്കു് നിങ്ങൾക്കു പണം കടം തരും. കൃഷിയാവശ്യങ്ങൾക്കുള്ള നിങ്ങളുടെ മിച്ച വിളവു് വിററപണത്തിൽനിന്നു ഈ കടം ഈടാക്കപ്പെടുകയും ചെയ്യും. സൊസൈററി കുറഞ്ഞ നിരക്കിൽ നിങ്ങൾക്കു ചില കാൎഷികോപകരണങ്ങൾ വാടകക്കു തരും. കാലികളെ വാങ്ങുന്നതിന്നും നിങ്ങളുടെ വീട്ടാവശ്യങ്ങൾ വാങ്ങുന്നതിന്നും ചില്ലറക്കടങ്ങളും നിങ്ങൾക്കു കിട്ടുന്നതാണു്.

നിങ്ങൾക്കു കൃഷിസ്ഥലത്തിൽനിന്നുള്ള ആദായവൎദ്ധനക്കുവേണ്ടി, കാലിവളൎത്തൽ, കോഴിവളൎത്തൽ, പാൽകറവു, തുടങ്ങിയ തൊഴിലുകൾ കൂടി ചെയ്യുന്നതിന്നു നിങ്ങളെ പ്രോത്സാഹിപ്പിക്കും. ഇതിന്നുവേണ്ട പണം കടമായി എടുക്കാവുന്നതാണു്. നിങ്ങൾക്കു ആടുകളെ വളൎത്താം, പശുക്കളെ വളൎത്താം, അങ്ങിനെ നിങ്ങളുടെ കുട്ടികൾക്കു് പാലും നൽകാം. നിങ്ങൾക്കു കോഴിവളൎത്തലിൽനിന്നു വിൽക്കുവാനോ, സ്വന്ത ഉപയോഗത്തിന്നോ ആയി മുട്ടകൾ ഉണ്ടാക്കാൻ കഴിയും. സ്വന്താവശ്യത്തിന്നും വില്പനമായി നിങ്ങൾക്കു കായ്കറി ഉണ്ടാക്കാം. ഇതിന്നുള്ള അനുകൂല്യങ്ങളെല്ലാം നിങ്ങൾക്കു ഗവൎമ്മേണ്ടു് ചെയ്തു തരും. ആദ്യമായി 10 ക. ഓഹരി മൂലധനം നൽകി ലാണ്ടു് കൊളനൈസേക്ഷൺ സൊസൈററിയിൽ ഒരു മെമ്പറായി ചേൎന്നു്, നിങ്ങൾ കൊളണിയിലെ ഒരംഗമാവുക മാത്രമേ വേണ്ടു. നിങ്ങൾക്കിഷ്ടമുള്ള ഗ്രാമത്തിൽ നിങ്ങൾക്കു് സുഖഭൂയിഷ്ഠമായ, സംതൃപ്തമായ ഒരു ജീവിതം നയിക്കാം.

ഗ്രാമങ്ങൾ നിങ്ങളെക്കൊണ്ടു അഭിമാനം കൊള്ളും. ഇങ്ങിനെയുള്ള ഒരു ജീവിതത്തിന്നല്ലേ നിങ്ങൾ ആശിക്കുന്നതു്? കോളണിയിൽ വന്നു ചേരുക! ഓരോ ജില്ലയിലും കൊളണികൾ ഉണ്ടായിരിക്കും. 60 ലക്ഷം ഉറുപ്പികയോളം ചെലവുവരുന്ന 19 പദ്ധതികൾ ഉണ്ടു് ഗവൎമ്മേണ്ടു് തയ്യാറാക്കിയിട്ടു് ഈ കൊളനി സ്ഥാപനത്തിന്നായിട്ടു്. ഇനിയും പലതും ഏൎപ്പെടുത്താൻ പോകുന്നുമുണ്ടു്.

## പടയാളി

(പി. കെ. കുഞ്ഞിരാമൻ പണിക്കർ.)

(“ഗുണമേറും ഭൎത്താവേ” എന്ന മട്ടു്.)

ഓൎത്തുണൎന്നിട്ടുന്നക്ഷസ്സിൽനിത്യം
കൎത്തവ്യതല്പരൻ യുദ്ധവീരൻ.
കൃത്യസമയം കവാത്തിന്നു പോം,-
മെത്തും ശരിയ്ക്കു പടക്കളത്തിൽ.
നിത്യവും ചിന്തകൾ: രാജ്യസേവാ;-
താല്പൎയ്യം: ശത്രുവിൻ നാശംമാത്രം.
പ്രത്യക്ഷമാക്കുന്നിസൽഗുണങ്ങ-
ളുത്സാഹശാലികൾ പട്ടാളക്കാർ.

II

എന്തൊരു ത്യാഗികളാണിക്കൂട്ടർ
ചിന്തുന്നു സന്തതം സ്വാന്തരക്തം;
നാളത്തെ ലോകം സുഖിച്ചിരിപ്പാൻ,
നീളവേ ശാന്തി വിരിഞ്ഞുനില്പാൻ!
തയ്യാറാണെന്തിനും നിങ്ങൾ നോക്കു-
കെന്തൊരു ധൈൎയ്യവും ശൂരതയും!
കാക്കിയുടുപ്പിന്നകത്തെഴമി-
ഹൃത്തിൻവിശാലതയെത്രമാത്രം!!


III

ആരെന്തുതന്നെപറഞ്ഞെന്നാലും
തീരെ ഗണിക്കാതെ പോക നിങ്ങൾ;
മുന്നോട്ടു—വെററിയെയാഞ്ഞുപുൽകാൻ
മുന്നോട്ടു ധീരാഗ്രഗണ്യരായി.

# മലയാളികൾക്കു പ്രശംസ

—(❖)—

## ബർമ്മാ രംഗത്തിലെ സേവനത്തിന്നുവേണ്ടി



ജനറൽ സ്ലിം

കൊച്ചി, തിരുവിതാംകൂർ ലേബർ യൂണിററുകളിലെ ശുഭ്രവസ്ത്രധാരികളായ സിവിലിയന്മാർ, നമ്മുടെ ഗതാഗതമാർഗ്ഗത്തിലുള്ള മുന്നേററസ്ഥാനങ്ങളിൽ ജോലിചെയ്തുകൊണ്ടിരിക്കുന്നു. വില തീരാത്തതാണവരുടെ സേവനം. മണിപ്പൂരിൽനിന്നും ബർമ്മഭൂമിയിൽനിന്നും ജപ്പാൻകാരെ തുരത്തുവാനുള്ള പരിശ്രമത്തിനു അതു വേഗത കൂട്ടിയിട്ടുമുണ്ട്.

ഏരിയാ കമാണ്ടർ അവരുടെ പ്രവർത്തനത്തെ ഇങ്ങിനെ ശ്ലാഘിച്ചിരിക്കുന്നു. അവരുടെ പ്രയത്നങ്ങളുടെ മഹത്വം അധികൃതന്മാർ മനസ്സിലാക്കിയിരിക്കുന്നു എന്നു അവർ (യൂണിററുകൾ) അറിയുവാൻ ഞാൻ അത്യധികം ആഗ്രഹിക്കുന്നു. ഈ വിധത്തിൽ, അവരും, ഒരുപക്ഷേ അവരേക്കാൾ കൂടുതൽ പ്രശംസ ലഭിക്കുന്ന ഭടനും, അവരുടെ ഈ യുദ്ധത്തിൽ തങ്ങളുടെ പങ്കു നിർവ്വഹിക്കുകയാണെന്നു അവർക്കു വിചാരിക്കാം. അതു അവസാനിക്കുമ്പോൾ, തങ്ങൾ സാരതരമായും മാനമായും പങ്കെടുത്ത ഒരു വിജയമാണതെന്നും അവർക്കു അഭിമാനിക്കാം.''

കാലവർഷത്തിന്റെ കാഠിന്യത്തെപ്പോലും കണക്കാക്കാതെ, പകൽ എട്ടുമണിക്കൂറിലധികം ജോലിചെയ്തുകൊണ്ടു, ഏററവുമധികം പ്രാധാന്യവും പ്രാഥമ്യവുമുള്ള പദ്ധതികളുടെ പ്രവർത്തനത്തിലാണു് അവർ ഏർപ്പെട്ടിരുന്നതു്. റോഡുകളിലും, വിമാനത്താവളങ്ങളിലും, ഡിപ്പോകളിലും, റെയിൽവെ നിർമ്മാണത്തിലും, ഇഷ്ടിക നിർമ്മാണത്തിലും, മലമ്പനി നിവാരണം സംബന്ധിച്ചു ജലനിർഗ്ഗമന പദ്ധതികളിലും അവർ പ്രവർത്തിച്ചിട്ടുണ്ടു്. വിഷമകരങ്ങളും അസുഖകരങ്ങളുമായ പരിതസ്ഥിതികളാണു ചിലപ്പോഴൊക്കെ അവരെ എതിരിട്ടിരുന്നതു. എന്നിരുന്നാലും, യാതൊരു വൈമനസ്യവുംകൂടാതെ, സന്തോഷത്തോടുകൂടിത്തന്നെ, അവരുടെ കഴിവുകളെ ഉത്തമമായി വിനിയോഗിച്ചു. അവരുടെ പ്രയത്നഫലമാകട്ടെ, ഈ രംഗത്തെ യുദ്ധപരിശ്രമങ്ങളെ കാര്യമായി സഹായിച്ചിട്ടുണ്ടു്.

പട്ടാളക്കാരുടെ രീതിയിൽ തന്നെയാണു അവരും റേഷനും ശമ്പളവും വാങ്ങുക. അവർക്കു പുതപ്പുകളും, കൊതുവലകളും, മലമ്പനി തടുക്കാനുള്ള ഉടുപ്പുകളും നൽകുന്നു. പക്ഷേ അവർ യൂണിഫോറം ധരിക്കുന്നില്ല. സൈന്യത്തിലെപ്പോലെ തന്നെയാണു് അവരുടെയും സംഘടന. സൈനികമായ അച്ചടക്കത്തിൻ കീഴിലാണവരും.

അവരെ "വിശിഷ്ടഘടകങ്ങൾ" എന്നു വർണ്ണിച്ചുകൊണ്ടു 14-ാംപടയുടെ കമാണ്ടർ, ജനറൽ സ്ലിം, കൊച്ചി, തിരുവിതാംകൂർ മഹാരാജാക്കന്മാർക്കു ഈ യൂണിററുകളെ അയച്ചുകൊടുത്തതിനുവേണ്ടി, കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു സന്ദേശങ്ങൾ അയച്ചിരിക്കുന്നു. "ഈ ആളുകൾ, വാസ്തവത്തിൽ, വളരെ നല്ലവണ്ണം ജോലി ചെയ്തിരിക്കുന്നു. ഇയ്യിടെയുണ്ടായ ഘട്ടങ്ങൾക്കിടയ്ക്കു, അവർ ഉറച്ചു നില്ക്കുകയും ഭടന്മാരെന്നവണ്ണം പെരുമാറുകയും ചെയ്തു."



വിമാനങ്ങളിൽകൂടെ ചൈനക്കു സാമാനങ്ങൾ

## മദ്രാസ് നൽകിയ സംഭാവനയ്ക്കു്

### അപാരമായ കൃതജ്ഞതാപ്രകടനം

നാവിക ഭടന്മാർക്കായുള്ള ജോർജ്ജു്മഹാരാജാവിന്റെ നിധി (കിങ്ങ് ജോർജ്ജ്സ് ഫണ്ട് ഫോർ സെയ്ലേഴ്സ്) യുടെ ജനറൽ കൌൺസിലിന്റെ അദ്ധ്യക്ഷനായ അഡ്മിറൽ സർ ആബറി സി. എഫ്. സ്മിത്ത്, കെ.ബി.ഇ., സി.ബി., എം.വി.ഒ. അയച്ച താഴെ കാണുന്ന എഴുത്തു മദ്രാസ് ഗവർണ്ണരവർകൾക്കു ലഭിച്ചിരിക്കുന്നു:—

"ലണ്ടനിലുള്ള ഇമ്പീരിയൽ ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽനിന്നു് ഈ നിധിയിലേക്കു മദ്രാസ് വാർ ചാരിററീസ് വീണ്ടും നൽകിയ സംഭാവനയായ 7,800 പവനുള്ള ഒരു ചെക്ക് കിട്ടിയിരിക്കുന്നു.

ഈ കനത്ത സംഭാവനയും, മദ്രാസിൽനിന്നു ലഭിച്ച ഉദാരസഹായവുംമൂലം ജനറൽ കൌൺസിലിന്നുള്ള അഗാധമായ കൃതജ്ഞതയെ ഞാൻ സന്തോഷപൂർവ്വം അങ്ങേയ്ക്കും അതിലുൾപ്പെട്ട മററുള്ളവർക്കും അറിയിക്കട്ടെ.

ഇപ്പോൾ ഈ നിധിയിൽ പിരിഞ്ഞുകിട്ടിയ സംഖ്യ 1,691,000 പവനാണു്. ഇതിന്നായി സഹായിച്ച പുറരാജ്യത്തുള്ള എല്ലാ സ്നേഹിതന്മാരോടും പ്രത്യേകിച്ചും ധനസഹായത്തിൽ വദാന്യരായ ഇന്ത്യൻ സ്നേഹിതന്മാരോടും ഞങ്ങൾ വളരെയധികം കൃതജ്ഞരാണു്."

ചെറുകഥ

# അന്നും ഇന്നും

"ഓച്ചന്തുരുത്തു, ഓച്ചന്തുരുത്തു" ബോട്ടുമാസ്റ്റർ വിളിച്ചു പറഞ്ഞു. "ഓച്ചന്തുരുത്തിലിറങ്ങാനാളുണ്ടോ?"

ബോട്ടു നിന്നു.

"അങ്ങുനിറുത്തിയേരേ! എടാ ക്രൂസേ! ആൻട്രൂ, ആ സഞ്ചിയിങ്ങെടുക്കു്, ഔസേപ്പേ, മറിയക്കുട്ടിടെ കയ്യൊന്നു പിടിക്കു്." ആ വൃദ്ധ ചയമായി. ഔസേപ്പിൻെറ വൃദ്ധയായ അമ്മക്കു എന്നെ ആകപ്പാടെ വളരെ പത്ഥ്യമായി. അപ്പോൾ, ഔസേപ്പു് എനിക്കു ഒരു താക്കീതു നൽകുന്നതുതന്നെ അഭിമാനകരമായി വിചാരിച്ചതിൽ അത്ഭുതമില്ല.

"ചേട്ടാ" മറിയക്കുട്ടി പറഞ്ഞു, "പിള്ളരെ സൂക്ഷിച്ചോ."

"ജോസഫിനെ കാണാൻ" ഞാൻ മറുപടി പറഞ്ഞു.

"ഏതു ഔസേപ്പു്? ഓ! ആ മരക്കച്ചോടക്കാരൻ മാപ്പിളടെ കുഞ്ഞോ?"

"അതേ."

"അവനെന്തോ ആലുവായിലാണു്. ചെറുക്കനു് ഒരു പെണ്ണൊണ്ടു്. മിടുക്കി. ആ കുടിലിൽ നിന്നെണിക്കില്ല, കണ്ടെങ്കിൽ കുഞ്ഞിൻെറ ഭാഗ്യം."

"കണ്ടിട്ടില്ലെങ്കിൽ ഇവിടെ വന്നതു വൃഥാവിലായി." ഞാൻ ലേശം നിരാശയോടെ പറഞ്ഞു. "കൊച്ചിക്കു ഉടനെത്തന്നെ പോണം."



മി. സ്റ്റാലിൻ

ഇവരിരുവരും മോസ്കോവിലിരുന്നു് ലോകത്തിൻെറ ഭാവിയെപ്പററി കൂടിയാലോചന നടത്തുകയാണു് ഇപ്പോൾ.



മി. ചർച്ചിൽ

-യും അവിടെയിറങ്ങുകയാണു്. ഞാനും ഓച്ചന്തുരുത്തിലിറങ്ങി. പ്രത്യേക ഉദ്ദേശമൊന്നുമുണ്ടായിരുന്നില്ല. എൻെറ ഒരു സ്നേഹിതനുണ്ടായിരുന്നു അവിടെ—ജോസഫ്—തരമായെങ്കിൽ ആയാളെ ഒന്നു കാണണം. എന്നിട്ടു അന്നുതന്നെ കൊച്ചിയിലേക്കു മടങ്ങുകയും വേണം.

"സാർ വരണം, പെട്ടി ഞാനെടുത്തേക്കാം." കടന്നലുകൾപോലെ പിള്ളരെൻെറ പിന്നാലെ കൂടി. "വേണ്ട, ഞാൻതന്നെ എടുത്തോളാം." ഞാൻ പ്രതിഷേധിച്ചതൊന്നും വകവെക്കാതെ ഒരു പയ്യൻ നരച്ചീറുപോലെ എൻെറ പെട്ടിയിൽ കടന്നുതൂങ്ങി. "നാലുകാശ് തന്നാൽ മതി സാറേ, ഇല്ലെങ്കി ഒററച്ചക്രത്തൂട്ടു."

"ഭേ" ഒസേപ്പു് വിളിച്ചു പറഞ്ഞു, "ഈ പിള്ളേരെ സൂക്ഷിക്കണം."

അതെനിക്കുള്ള ഒരു താക്കീതായിരുന്നു. ഔസേപ്പും കുടുംബവും എൻെറയൊന്നിച്ചു ബോട്ടിൽ കയറിയതാണു്. ഞങ്ങൾ വളരെ പരി-

പിള്ളരെല്ലാവരും കൂടി ആ കുടുംബത്തെ പിടികൂടി. "എടേ എടേ തള്ളക്കോഴീം മക്കളും" അവർ കൂക്കി വിളിച്ചു "കൊ ക്കൊ കൊ കോ" അവർ അവരെ കൊഞ്ഞനം കാണിച്ചുതുടങ്ങി.

ഒരു ചെറുക്കൻ മറിയക്കുട്ടിയുടെ ചെവി പിടിച്ചു തിരുമ്മിച്ചോദിച്ചു: "എടീ നെൻെറ മാപ്പിളയാണൊ സാർ?" മററു ചിലർ ഔസേപ്പിൻെറ അരിൽപ്പൊതി തട്ടിപ്പറിച്ചു. ആകപ്പാടെ വലിയൊരു ബഹളം. ഞാൻ നിഷ്പക്ഷനില സ്വീകരിക്കാൻ നിവൃത്തിയില്ലാത്ത ഒരു പരുങ്ങലിൽ എത്തി. ഞാനവക്കു ഒരു നാലുചക്രം വലിച്ചിട്ടുകൊടുത്തു. അവർ ഞങ്ങളെ വിട്ടു അന്യോന്യം യുദ്ധം ആരംഭിച്ചു. ഭയങ്കര ലഹള! അഞ്ചുപേർ നാലു ചക്രം പങ്കുവെക്കാനുള്ള സംരംഭമാണു് അതു്! ഞങ്ങൾ ഇതൊന്നും വകവെക്കാതെ നടന്നു.

"എൻെറ കുഞ്ഞെങ്ങടാ പോണു്" വൃദ്ധ നന്ദിസ്ഫുരിക്കുന്ന സ്വരത്തിൽ ചോദിച്ചു.

"ചേട്ടാ, ചേട്ടാ" ആൻട്രൂ എൻെറ കുപ്പായത്തലപ്പിൽ പിടിച്ചുകൊണ്ടു പറഞ്ഞു, "കൊച്ചിക്കിനി കടത്തുവള്ളമില്ല"

"എന്നാൽ അതു വിഷമമായി" എൻെറ പരിഭ്രമം ഞാനടക്കിവെച്ചില്ല.

"കുഞ്ഞു് പരിഭ്രമിക്കേണ്ട, ഇത്തള്ളടെ കുടിലിൽ കൂടാം, ഒക്കെ വിഷമാണു് ന്നാലും ഔസേപ്പുണ്ടൊന്നു് നോക്കു്. പിന്നെ നെൻെറ കുഞ്ഞു് കോച്ചിപ്പോവും മുമ്പു വരണേ. ആ കാണുന്നതാ, ഞങ്ങടെ വീടു്. ആൻട്രൂവിൻറപ്പൻ അവിടെ കാത്തുനില്ക്കും. ഞങ്ങ പോട്ടെ." അവരെല്ലാവരും പോയി.

"ഉ! ചേട്ടൻ വരണേ" മറിയക്കുട്ടി പിന്നോക്കംനോക്കി പറഞ്ഞു. ഞാനൊന്നു ചിരിച്ചു.

* * * * *

"താനെവിടുന്നാടൊ വര്ണു്?" ജോസപ്പിൻെറ പെങ്ങളാണെന്നു തോന്നുന്നു, എന്നോടു ചോദിച്ചു. ആദ്യം ആ ഉമ്മറത്തേക്കു് കയറിയപ്പോൾ ധൃതഗതിയിൽ കേട്ട ഈ ചോദ്യം എന്നെ പരിഭ്രമിപ്പിച്ചു.

"ഞാൻ കോഴിക്കോട്ടിന്നാ"

"താനവട്ടിരുന്നോ!" രണ്ടാമത്തും ഒരു ശാസന! "കൊച്ചാങ്ങള കൊച്ചീലേപായിരിക്യാം. വന്നാ കാണാം. താന്നോടങ്ങു ഇരുന്നോളാൻ പറഞ്ഞില്ലേ? ചെവിടന്നാ?" എനിക്ക് വരേണ്ടതില്ലെന്നായി. ഈ പൊരിഞ്ഞ വിത്ത് ഏതാണ്? മുമ്പൊരിസ്സ്കൂളും കേട്ടിട്ടല്ലാതെ കണ്ടിട്ടില്ല ഈ ജോസപ്പിന്റെ കുഞ്ഞിപ്പെങ്ങളെ. ആവൂ വല്ലാത്തൊരു തെറിച്ചവിത്ത്!

"ജോസപ്പ് അപ്പോൾ വരില്ലെന്നുണ്ടോ?" ഞാൻ വിക്കി വിക്കി ചോദിച്ചു.

"ന്റെ പുണ്യാളാ! ഇയാൾക്ക് മലയാളം അറിഞ്ഞൂടേ?" അവൾ അകത്തേക്കോടിപ്പോയി. ഒരാളുടെ കയ്യും പിടിച്ചുവന്നു. അവളുടെ ഭർത്താവായിരിക്കാം ഞാൻ ഊഹിച്ചു. ഒരു മന്തൻ, ഒററ നോട്ടത്തിൽ ഞാൻ മനസ്സിലാക്കി.

"എടോ, ഡ്യാളോട്ട് ചിരി പറഞ്ഞാ" അവൾ ഭർത്താവിനോടു കല്പിക്കുന്ന സ്വരത്തിൽ പറഞ്ഞു: "ഇയാൾ കോഴിക്കോട്ട്ന്നാത്രെ. കൊച്ചാങ്ങളെത്തേടിവന്നതാ."

"ജോസപ്പ് എപ്പോ വരും" ഞാൻ വീണ്ടും പ്രയാസപ്പെട്ടു ചോദിച്ചു.

"ഉം" ആയാൾ ഭാര്യയുടെ മുഖത്തേക്ക് നോക്കി. "എട പിണ്ണാക്കേ! ആയാള് ചോദിക്കുന്നേന് മറുപടി പറേ. നത്ത്പോലെ നോക്കിനിക്കാ—ഉമച്ചാര്." അവൾ ആയാളെ പുച്ഛിച്ചു.

"ഞാൻ പോകയാണ് പിന്നെക്കാണാം. ഞാൻ ഒരുവിധം തിരിഞ്ഞു നടന്നു. കുറച്ച് ഇളിഭ്യതയൊ എന്നുതന്നെ പറയണം. ആ ദമ്പതികൾ പൊട്ടിച്ചിരിച്ചു. വല്ലാത്ത സമർത്ഥയാണ് ആ പെണ്ണ്.

ഞാൻ വൃദ്ധയുടെ വീട്ടിലേക്കുതന്നെ തിരിച്ചു. വേറെയെങ്ങു പോവും? അവിടേയും ഇങ്ങനെയുള്ള സ്വാനുഭവങ്ങളുണ്ടാവുമോ? എനിക്കു ശങ്കയുണ്ടായിരുന്നു. പക്ഷെ അവരെയൊക്കെ ഞാനറിയുമെല്ലൊ. മറിയക്കുട്ടിയുടെ പ്രത്യേക ഗുണനവുമുണ്ടല്ലൊ.

ആ കൊച്ചു കുടിൽ വളരെ ചെറുതായിരുന്നു. ഒരു ക്രരിയാററക്കൂടുപോലെ അത്ര ചെറുത്. ഇടിഞ്ഞുപൊളിഞ്ഞുവിണ്ട ചുമരുകൾ. തൂവൽ പോയ പക്ഷിയെപ്പോലെയുള്ള മേൽപ്പുര. ചുററുപാടും, നാറിയവെള്ളം കെട്ടിനില്ക്കുന്ന നീർച്ചാലുകൾ. ഇവയെല്ലാം അത മനുഷ്യവാസയോഗ്യമല്ലാതെയാക്കിയിരുന്നു.

"മലബാർ ചേട്ടൻ! ഔസേപ്പെ മലബാർ ചേട്ടൻ" പടിയ്ക്കലെത്തിയപ്പോൾത്തന്നെ എന്നെക്കണ്ട മറിയക്കുട്ടി വിളിച്ചുപറഞ്ഞു. എല്ലാവരും എന്നെ എതിരേല്ക്കുവാൻ പുറത്തുവന്നു നിന്നു. ഈ പ്രാവശ്യം ഒരു പുതിയ ആൾ കൂടെ ഉണ്ടായിരുന്നു—മത്തായി ഈ കുടുംബത്തിലെ കാരണവൻ, അല്ലെങ്കിൽ ബോട്ടു ജെട്ടിയിലെ പിള്ളരുടെ ഭാഷയിൽപ്പറഞ്ഞാൽ ഈ കോഴിക്കൂട്ടത്തിലെ പൂവൻകോഴി!

വൃദ്ധയുടെ ആദരവ് അതിർകവിഞ്ഞതായിരുന്നു. പക്ഷെ, ആ കിഴവച്ചാർ ഒരു നീരസഭാവം പ്രദർശിപ്പിച്ചിരുന്നുവെന്നത് പ്രത്യക്ഷമാണ്. ആയാൾ ഭാര്യയെ ശകാരിച്ചു. കുറച്ചൊക്കെ ഞാനുംകേട്ടു.

"നെയ്യ് എവിടെന്നെ ഈ പുള്ളിക്കാരനെ സമ്പാദിച്ചതു്" ഉണക്കമത്സ്യംചുട്ടു അടുക്കളയിൽത്തന്നെയിരുന്ന മത്തായി ഭാര്യയോടു ചോദിച്ചു.

ആ വൃദ്ധ മൌനമവലംബിച്ചു. "ദേ പറഞ്ഞോ" ആയാൾ തുടർന്നു. "ഇവന്മാരൊക്കെ ചുളുവും കാച്ചിനടക്കുന്ന ചട്ടമ്പികളാണ് നെയ്യ് എന്തരു പണിപററിച്ചു. ഹും!"

"ആയാൾ നല്ല ആളാ. നമ്മുടെ മൂത്തകുട്ടി ജോജ്ജിപ്പോണ്ടെങ്കിൽ ഇത്രയുണ്ടാവും. മലമ്പാറിലാ സ്വദേശം. മരക്കച്ചോടക്കാരൻല്യേ ആയാൾടെ ഔസേപ്പിന്റേനേഹിതനാ" ആ വൃദ്ധ പറഞ്ഞു.

"ഇവന്മാരെ നമ്പിക്കൂടടീ. പൊട്ടി മറിയടെ പിന്നാലെവന്നതാണിച്ചെറുക്കൻ."

"ശൂശൂ! മെല്ലെ ആയാള് കേക്കും." ആ വൃദ്ധ ഭർത്താവിന്റെ വായ പൊത്തി.

എങ്ങിനെയൊ അവർ സംഭാഷണമൊക്കെ നിറുത്തി. എനിക്കവിടെ ഇരിക്കാൻ മനസ്സു വന്നില്ല. പക്ഷെ കിഴവിയുടെയും കുട്ടികളുടെയും സ്നേഹം എനിക്കു വളരെ ആശ്വാസം നൽകി.

ഊണു കഴിക്കാൻ ഞാൻ മടിച്ചു. ഈ പാവപ്പെട്ട കുടുംബത്തിന്റെ സമ്പാദ്യത്തിൽനിന്നു് ഒരോഹരി തട്ടിയെടുക്കുന്നതിൽ എനിക്കു വൈമനസ്യമുണ്ടായിരുന്നു. പക്ഷെ അവരുടെ നിർബ്ബന്ധം മൂലം ഞാൻ മനമില്ലാമനസ്സോടെ സമ്മതിച്ചു. ഊണു കഴിക്കുന്നതിന്നിടയിൽ വൃദ്ധ പറഞ്ഞു "ന്റെ കുഞ്ഞു ഒന്നു വിചാരിക്കരുത്. മൂപ്പിന്നു ലേശം കുടിക്കും. കുഞ്ഞു വന്നപ്പോ ലഹരിയിലേർന്നു."

"എനിക്കു തെററിദ്ധാരണയൊന്നുമില്ല. നിങ്ങൾ ചെയ്യു ഔദാര്യം ഞാൻ മറക്കാത്തതാണ്." ഒരു മത്സ്യത്തിന്റെ മുള്ള് കടിച്ചുകൊണ്ടു ഞാൻ പറഞ്ഞു.

"തനിക്കു ശാപ്പാടു പററുന്നുണ്ടോ?" മത്തായി ആദ്യമായി എന്നോടു സംസാരിച്ചു.

"ബഹു കേമമായിരിക്കുന്നു" ഞാൻ തട്ടിമൂളിച്ചു. പക്ഷെ വെറും നുണയായിരുന്നു. എനിക്കു ആ മത്സ്യം നാറുന്ന അന്തരീക്ഷം അശേഷം പിടിച്ചില്ല. എല്ലാം മത്സ്യം തന്നെ.

"എന്നും ഞങ്ങൾക്കു ഇങ്ങിനെ ഉണ്ണാൻ വഴിയില്ല" മത്തായി പറഞ്ഞു. "നായി കൊച്ചങ്ങള്പ്പൊ എത്ര വലുതായിക്കാണും. മറിയയ്ക്കു വയസ്സ് 14-ായിട്ടാ. കണ്ടാൽ ഒമ്പതേ തോന്നൂ. അതേമാതിരി ഔസേപ്പിന്നും വയസ്സ് 12-ായി. കണ്ടില്ല കൂട്ടാങ്ങളെ" ആയാൾ നെടുവീർപ്പിട്ടു.

അതെ, അവരുടെ ചരിത്രമൊക്കെ മത്തായി വിസ്തരിച്ചു. ആയാൾ ഒരു തയ്യൽക്കാരനാണ്. കൊച്ചിയിലെ ഇമ്പിച്ചി മുതലാളിയുടെ കടയിലാണ് പണി. വരവു കമ്മിയാണ്. പതിനെട്ടു മണിക്കൂർ പണി എടുത്താലും എട്ടണ കിട്ടുകയില്ല. അതിൽനിന്നു ഒരണ കടത്തുകൂലി കൊടുക്കണം. ആഴ്ചയിലൊന്നുരണ്ടുതവണയെങ്കിലും മത്തായിക്കു കുടിക്കണം. കള്ളെ കുടിക്കയുള്ളൂ. എന്നാലും നാലണയാവും. ചിലവുകൾ ധാരാളമുണ്ട്. വരവില്ല. കുട്ടികൾക്കു ഉടുക്കാനില്ല. മത്തായിയുടെ കുപ്പായം ഭാര്യയും, മറിയയുടെ ഉടുപ്പു് ഔസേപ്പും മാറിയിടാറുണ്ട്. അവരൊന്നും പഠിക്കുന്നില്ല. പണം വേണ്ടേ? ഇടക്കു മത്തായി തയ്യൽക്കടയിലേക്കു കുട്ടികളെ കൊണ്ടുപോവും. എന്നാൽ അതു ആയാൾക്കു വലിയ വിഷമമാണ്. അവർ കണ്ട സാധനങ്ങളൊക്കെ വാങ്ങിത്തിന്നണമെന്നു ശാഠ്യം പിടിച്ചു നിലവിളിക്കും. ഒരു ദിവസം ഇമ്പിച്ചിബാവ. മത്തായിയെ താക്കീതു ചെയ്തു. "ഇബററങ്ങളെ ഞമ്മടെ വിട്ട്യേച്ചു ബലിച്ചോണ്ടോ" ന്ന്.

അങ്ങിനെ ഒരു കുടുംബം മുഴുവനും ഇപ്പോൾ ആ നടുകുനിഞ്ഞു 60 വയസ്സും കഴിഞ്ഞ കിഴവനെ ആശ്രയിച്ചാണ് കഴിയുന്നതു്. വേറേ പണിയൊന്നുമില്ല. കുട്ടികൾ രാവിലെ മുതൽ വൈകുന്നേരംവരെ തെണ്ടും, തമ്മത്തല്ലു കൂടും. മറിയക്കുട്ടി അസാധാരണ ബുദ്ധിശക്തിയുള്ള കുട്ടിയാണ്. അവൾ അടുത്ത ക്രിസ്തുമസ്സിന്നു ത്രേസ്യയൊന്നിച്ചു മദിരാശിക്കു പോകാൻ കാത്തിരിക്കയാണ്. ത്രേസ്യ മദിരാശിയിൽ എങ്ങോ ഒരു ഡോക്ടരാണ്. അവൾ ഒരു സഹായമായി മറിയക്കുട്ടിയെ അയച്ചാൽ കൊള്ളാമെന്നെഴുതിയിട്ടുണ്ട്. പക്ഷെ തന്നെ അയക്കാൻ വയ്യ അതാണ് മടി. ഔസേപ്പ് അയൽവക്കത്തെ വറീതിന്റെയൊപ്പം ചിലപ്പോൾ മീൻപിടിക്കാറുണ്ട്. അതുകൊണ്ടു കൂട്ടാൻവെക്കാൻ വക അവനുണ്ടാക്കും.

ഈ കഥയെല്ലാം കേട്ടപ്പോൾ എനിക്കു വല്ലാത്ത വ്യസനംതോന്നി. രാത്രി ഞാൻ ഈ കുടുംബത്തെപ്പററി ആലോചിച്ചുകിടന്നു ഉറങ്ങിയതെ ഇല്ല. എന്തു ചെയ്യാനാണ്?

രാവിലെ ഞാൻ പോരുമ്പോൾ മത്തായി അപേക്ഷാസ്വരത്തിൽ പറഞ്ഞു: "കുഞ്ഞു, ഈ വഴിക്കു ഇനി വരുമ്പോൾ ഇങ്ങു കയറണേ."

"തീർച്ചയായിട്ടും." ഞാൻ പിരിഞ്ഞു.

(തുടരും)

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.